# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



മാർച്ച് 19 – മാർ യൗസേപ്പിന്റെ മരണത്തിരുനാൾ

Vol. LXXIII March 2023 No. 3

# ആശംസകൾ

 

**മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ**
**ആഘോഷിക്കുന്ന**

## മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും
## മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും

## സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
വാകക്കാട് ഇടവക



ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
അരുവിത്തുറ ഫൊറോന
അരുവിത്തുറ സെന്റ് ജോർജ് ഫൊറോന
ഇടവക ദൈവാലയത്തിലേയ്ക്ക്
സ്വാഗതം

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# ഉരുളികുന്നം ഇടവക




ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
പൂവക്കുളം ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**MARCH 2023**
**Vol. LXXIII No. 3**

# CONTENTS

ഇടയലേഖനം 72 .......... 183

സർക്കുലർ - 310 .......... 190

സർക്കുലർ - 311 .......... 194

കെ.സി.ബി.സി. സർക്കുലർ .......... 196

സർക്കുലർ .......... 202

അറിയിപ്പ് .......... 209

വാർത്തകൾ .......... 217

ആദരാഞ്ജലികൾ .......... 246

അഭിവന്ദ്യ പിതാവിന്റെ ഡയറി .......... 251

ഇടയലേഖനം - 72

# സൗമ്മാ റമ്പാ - വലിയ നോമ്പ്

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

നൂറുമേനി വിളവ് നൽകുന്ന ഫലഭൂയിഷ്ഠമായ മണ്ണ് സുവിശേഷത്തിന്റെ കാതലായ സന്ദേശമാണ്. മണ്ണ് അമിത രാസവളപ്രയോഗങ്ങൾമൂലം തനിമ നഷ്ടപ്പെടുത്തിക്കളഞ്ഞു. മനുഷ്യഹൃദയങ്ങൾ ഭൗതികചിന്തകൾകൊണ്ട് നിറഞ്ഞ് ദൈവത്തിന്റെ സ്വരം കേൾക്കുന്നില്ല. സുവിശേഷമൂല്യങ്ങളാകുന്ന ക്രിസ്തീയപുണ്യങ്ങൾ വളരുന്നില്ല. വിശദമായ ഒരു മണ്ണുപരിശോധനയ്ക്കുള്ള, ഹൃദയപരിശോധനയ്ക്കുള്ള സമയമാണ് വലിയനോമ്പുകാലം. എന്തുകൊണ്ട് എന്നിൽ വചനവിത്ത് മുളയ്ക്കുന്നില്ല; മുളച്ചാലും വളരുന്നില്ല; വളർന്നാലും ഫലം തരുന്നില്ല? വിത്തു മുളയ്ക്കാത്ത പാതയോരങ്ങളാണോ നാം? ഒരുവർഷക്കാലം ലോകവ്യാപാരങ്ങളിൽ മുഴുകി, വരണ്ട്, മൃതപ്രായമായ മനുഷ്യാത്മാവിലേക്കു കൃപയുടെ വസന്തം പെയ്തിറങ്ങുന്ന പുണ്യകാലമാണ് നോമ്പുകാലം. ഈശോ പറയുന്നതു കേട്ടാൽ ഈ നോമ്പുകാലത്തു നമുക്ക് നിറഞ്ഞുകവിയുന്ന കൽഭരണികളാകാം. നമ്മുടെ നോമ്പാചരണം പിതൃഭവനത്തിന്റെ കുലീനതയിലേക്കുള്ള

തിരിച്ചുനടപ്പാവണം. ധൂർത്തപുത്രനെപ്പോലെ നാമും തിരിച്ചു നടക്കണം. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ ജറുസലേമിലേക്കു മടക്കയാത്ര നടത്തിയതുപോലെയാകണം ഈ നോമ്പുകാലത്ത് നമ്മുടെ യാത്രകളും.

ഈശോയുടെ 40 ദിവസത്തെ ഉപവാസമാണ് വലിയ നോമ്പ് എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും ഭാരതനസ്രാണികൾ ഇതിനെ 50 നോമ്പ് എന്നാണു വിളിക്കുക. നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ്. പാതിനോമ്പ് ഒരു ഓർമ്മപ്പെടുത്തലാണ്. കൂടുതൽ നിഷ്ഠയോടെ നോമ്പ് ആചരിക്കണമെന്ന ചിന്ത ഒരിക്കൽക്കൂടി നൽകുകയാണിവിടെ. നമ്മുടെ കുടുംബങ്ങളിൽനിന്നു വിവാഹം കഴിപ്പിച്ചു പറഞ്ഞയച്ച സ്ത്രീകളെ വീട്ടിൽ ക്ഷണിച്ചുകൊണ്ടുവന്ന് മധുരപലഹാരങ്ങളൊക്കെ നൽകി വരന്റെ വീട്ടിലേക്കു പറഞ്ഞയയ്ക്കുന്ന കീഴ്വഴക്കം പാതിനോമ്പിൽ ഉണ്ടായിരുന്നു.

നോമ്പും പ്രാർത്ഥനയും ഉപവാസവുംവഴി വിശുദ്ധ ലിഖിതങ്ങൾ കൂടുതൽ പഠിക്കാനും ജീവിതത്തെ ദൈവോന്മുഖമായി ക്രമപ്പെടുത്താനുമുള്ള കാലഘട്ടമാണ് വലിയനോമ്പ്. ദൈവമായ കർത്താവ് അരുൾ ചെയ്തു: “തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലങ്ങൾ ഭക്ഷിച്ചുകൊള്ളുക. എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം നീ തിന്നരുത്” (ഉത്പ. 2:16-17). പുണ്യവാനായ വിശുദ്ധ ബേസിൽ പറയുന്നു: “ഉപവാസം കല്പിക്കപ്പെട്ടത് പറുദീസായിലാണ്. ഇതിനെക്കുറിച്ചുള്ള ആദ്യത്തെ കല്പന നൽകപ്പെട്ടത് ആദത്തിനും. അതിനാൽ, നീ ഭക്ഷിക്കരുത് എന്നുള്ളത് ഉപവാസത്തിന്റെയും ആത്മനിയന്ത്രണത്തിന്റേതുമായ ഒരു നിയമമാണ്. ഭക്ഷിച്ചുകൊള്ളുക എന്നു പറഞ്ഞവൻതന്നെയാണ് ഭക്ഷിക്കരുത് എന്ന് കൽപ്പിച്ചിട്ടുള്ളതും.” ഇതിൽനിന്ന് ഉപവാസം ദൈവത്താൽ നിർദ്ദേശിക്കപ്പെട്ട കാര്യമാണെന്നു നാം മനസ്സിലാക്കുന്നു. ഭക്ഷണം കഴിക്കുന്നത് അതിൽത്തന്നെ തിന്മയല്ല. എങ്കിലും,

ഭക്ഷിക്കരുത് എന്ന ദൈവകല്പനയ്ക്ക് ഏറെ പ്രസക്തിയുണ്ട്. അത് പാപത്തെയും അതിലേക്കു നയിക്കുന്ന സാഹചര്യങ്ങളെയും ഒഴിവാക്കുന്നു. അത് നഷ്ടപ്പെട്ട ദൈവസൗഹൃദം വീണ്ടെടുക്കുന്നു. "ഉപവസിച്ചുകൊണ്ടുള്ള പ്രാർത്ഥന ദൈവം കേൾക്കും" (എസ്രാ. 8:21). ഫിലിസ്ത്യരുടെ കരങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി സാമുവേലും ഇസ്രായേൽജനം മുഴുവനും കർത്താവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂടി ഒരു ദിവസം മുഴുവനും ഉപവസിച്ചു. "ദൈവം മനസ്സു മാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം" (യോനാ 3:9). ദൈവം മനസ്സുമാറ്റി അവരുടെമേൽ അയയ്ക്കുമെന്ന് പറഞ്ഞ ശിക്ഷ അയച്ചില്ല. വിശ്വാസികൾ മിശിഹായുടെ ഉപവാസത്തെ അനുകരിക്കുന്ന കാലമാണ് വലിയ നോമ്പുകാലം. പരീക്ഷകളെ ജയിക്കാൻ ആത്മീയശക്തിയാർജ്ജിക്കുന്ന ആരാധനാവത്സരകാലഘട്ടമാണിത്. നമുക്ക് ആത്മീയപരിശീലനത്തിന്റെ സമയവും. ദൈവത്തോടും സഹോദരങ്ങളോടും എപ്പോഴും സൗഹൃദത്തിലായിരിക്കേണ്ടതിന്റെ അനിവാര്യത എടുത്തുകാണിക്കുന്ന നാളുകളാണ് നോമ്പുകാലം.

ഉടമ്പടിയുടെ വചനങ്ങളായ 10 പ്രമാണങ്ങൾ എഴുതിയ പലകകൾ സ്വീകരിക്കുന്നതിനുമുമ്പ് 40 പകലും 40 രാവും ഉപവസിച്ചു കർത്താവിനോടുകൂടെ ചെലവഴിച്ച മോശയെ നമുക്ക് മാതൃകയാക്കണം. ഹോറെബ് മലയിൽ കർത്താവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതിനുമുമ്പ് 40 രാവും 40 പകലും ഉപവസിച്ച ഏലിയാ പ്രവാചകനെ (1 രാജാ. 19:8) നമ്മൾ ഹൃദയത്തിൽ സ്വീകരിക്കേണ്ട കാലഘട്ടമാണിത്. പ്രലോഭകനുമായുള്ള പോരാട്ടത്തിൽ വിജയം ഈശോയുടെ പക്ഷത്താകുന്നതിന്റെ കാരണം അവന്റെ ഒരുക്കത്തിന്റെ പൂർണ്ണതയാണ്. ദൈവത്തിന്റെ വചനംകൊണ്ട് ഈശോ സാത്താന്റെ വചനങ്ങളെ കീഴ്പ്പെടുത്തി. ഫരിസേയരുടേയും നിയമജ്ഞരുടെയും ഉപവാസത്തിന്റെ കാപട്യത്തെ വിമർശിക്കുന്ന ഈശോ

രഹസ്യങ്ങൾ അറിയുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് യഥാർത്ഥ ഉപവാസമെന്ന് പഠിപ്പിക്കുന്നു (മത്തായി 6:16). മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് (മത്തായി 4:4). അതിനാൽ, ശരിയായ ഉപവാസം യഥാർത്ഥ ഭക്ഷണം കഴിക്കലാണ്. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയും ചെയ്യുന്നതാണ് എന്റെ ഭക്ഷണം" (യോഹ 4:34).

ഫെബ്രുവരി 20, തിങ്കൾ നോമ്പാരംഭദിനമാണ്. അന്ന് ഉപവാസത്തിന്റെയും നോമ്പാചരണത്തിന്റെ പ്രത്യേക പ്രാർത്ഥനകളുടെയും ദിവസമാണ്. നോമ്പുകാലത്ത് ഈശോയിൽ നമ്മുടെ നോട്ടം ഉറപ്പിക്കണം. ഹെബ്രായലേഖനകർത്താവു പറയുന്നു: "നാം ഏറ്റുപറയുന്ന വിശ്വാസത്തിന്റെ അപ്പസ്തോലനും ശ്രേഷ്ഠപുരോഹിതനുമായ ഈശോമിശിഹായെക്കുറിച്ച് ചിന്തിക്കുവിൻ" (ഹെബ്രാ. 3:1). "നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ ഈശോയെ മുന്നിൽ കണ്ടുകൊണ്ടുവേണം നാം ഓടാൻ" (ഹെബ്രാ. 12:2). കർത്താവിന്റെ ഉയിർപ്പിലേക്കുള്ള ഓട്ടമാണ് വലിയ നോമ്പുകാലം. നമ്മൾ ഓടുന്നതു നമ്മൾ സ്നേഹിക്കുന്നതുകൊണ്ടും നമ്മൾ സ്നേഹിക്കപ്പെടുന്നതുകൊണ്ടുമാണ്. ഉത്ഥാനദിവസം ഭക്തസ്ത്രീകൾ ഈശോയുടെ കല്ലറയിലേക്ക് ഓടിയതിന്റെ കാരണമിതാണ്. നോമ്പുകാലത്ത് വി. അംബ്രോസ് നിരന്തരമായി പ്രാർത്ഥിച്ചിരുന്നത് 118(119)-ാം സങ്കീർത്തനമാണ്. "കൂട്ടംവിട്ട ആടിനെപ്പോലെ ഞാൻ അലയുന്നു. അങ്ങയുടെ ദാസനെ തേടിവരണമേ. എന്തെന്നാൽ, അങ്ങയുടെ കൽപ്പനകൾ ഞാൻ വിസ്മരിക്കുന്നില്ല." അംബ്രോസിന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു: "നാഥനായ ഈശോയേ, നീ എന്നെ അന്വേഷിച്ചുവരുന്നത് താമസിച്ചാൽ ഞാൻ നഷ്ടപ്പെട്ടവനാകും.

കർത്താവേ വേഗം വരണേ
എന്റെ പക്കലേക്കു വരണേ
എന്നെ അന്വേഷിക്കണമേ
എന്നെ കണ്ടെത്തണമേ
എന്നെ തോളിലേറ്റണമേ
എന്നെയുംകൊണ്ടു നീ നടക്കണമേ.”

ഉത്തമഗീതം 1:4 “നിന്റെ പാദങ്ങളിലേക്ക് എന്നെ ആകർഷിച്ചാലും. നിന്റെ സൗരഭ്യത്തിന്റെ സുഗന്ധം ഞങ്ങൾ പിന്തുടർന്നുകൊള്ളാം.” ഉത്തമഗീതം 1:5 “ഞാൻ കറുത്ത വളാണെങ്കിലും അഴകുള്ളവളാണ്.” ഈ തിരുവചനങ്ങൾ ആത്മശോധനയ്ക്ക് ഏറെ ഉപകാരപ്പെടും. സഭയെക്കുറിച്ചുള്ള ചിന്തകളാണ് ഇതിനുള്ളിലെല്ലാം. കറുത്ത പാടുകൾ നമ്മുടെ പാപങ്ങളാകാം. സൗന്ദര്യം ഈശോയുടെതാണ്. സഭയുടെ സൗന്ദര്യം ഈശോയാണ്. “എന്റെ പിതാവിനാൽ ആകർഷിക്കപ്പെടുന്നില്ലെങ്കിൽ ആരും എന്റെ പക്കലേക്കു വരുന്നില്ല” എന്ന ഈശോയുടെ വാക്കുകൾ ആത്മീയാനന്ദത്തിന്റെയും, നവസുവിശേഷവൽക്കരണത്തിന്റെയും ചിന്തകളാണ് നൽകുന്നത്. ദൈവത്താൽ ആകർഷിക്കപ്പെടണം. അപ്പോൾ മാത്രമാണ് ദൈവികദാനങ്ങൾ നമുക്കു ലഭിക്കുക. പ്രാർത്ഥിച്ച് ഉപവസിച്ചു വാതിൽക്കൽ മുട്ടിയാൽ തുറന്നുകിട്ടും, അന്വേഷിച്ചാൽ കണ്ടെത്തും, നമ്മൾ കൈനീട്ടിയാൽ നിറയെ കിട്ടും. മറിയം ഈശോയുടെ പാദാന്തികത്തിലിരുന്നു വചനം കേട്ടതുപോലെ നാമും ഈ നോമ്പുകാലത്ത് ദൈവചനവുമായിട്ടിരിക്കണം. ഈ നോമ്പുകാലത്ത് നമ്മുടെ എല്ലാ വീടുകളിലും വചനശ്രവണത്തിന്റെ ഒരു വിപ്ലവംതന്നെ നടക്കണം. അമിതജോലിഭാരം കൊണ്ട് അസ്വസ്ഥമാകുന്ന ഹൃദയങ്ങളെക്കാൾ ഈശോ ഇഷ്ടപ്പെടുന്നത് ദൈവവചനപാരായണത്തിലൂടെയും ശ്രവണത്തിലൂടെയും സ്വർഗ്ഗവുമായിട്ട് ബന്ധപ്പെടുന്നവരെയാണ്. ആരാലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത ഈ നല്ല ഭാഗം നാം തിരഞ്ഞെടുക്കണം. ഈ വചനബന്ധമാണ് ഒരു വിശ്വാസിയെ

സംബന്ധിച്ചിടത്തോളം ഇടുങ്ങിയ വാതിൽ. നോമ്പുകാലത്ത് മത്സ്യമാംസാദികൾ എല്ലാം വിട്ടുകളഞ്ഞ് ഇടുങ്ങിയ വാതിലിലൂടെ നാം യാത്ര ചെയ്യുകയാണ്. ഇന്ന് പല മേഖലകളിലും *all promotion*- ന്റെ കാലമാണ്. എല്ലാവരും ജയിക്കുന്നു. ഒരു കാര്യം നാം മനസ്സിലാക്കണം, പഠനത്തിന്റെ മേഖലയും നിലവാരവും ഉയരുന്നതിനനുസരിച്ച് പരീക്ഷകൾ ശ്രമകരമാകുന്നു. ഒരു ദിവസത്തെ പഠനംകൊണ്ട് ആരും IAS പാസ്സാകുന്നില്ല. സ്വർഗ്ഗത്തിലേക്ക് *all promotion* ഉണ്ട് എന്ന് ആരും തെറ്റിദ്ധരിക്കരുത്. സ്വർഗ്ഗത്തിന് അനുയോജ്യമായ ജീവിതം നയിക്കുന്നവർക്കേ സ്വർഗ്ഗപ്രവേശനം ലഭിക്കൂ. ഞാൻ നിങ്ങളെ അറിയുന്നില്ല എന്നാണ് കർത്താവ് നമ്മോടു പറയുന്നതെങ്കിൽ നാം വിഡ്ഢികളുടെ സ്വർഗ്ഗത്തിലേക്കാണ്, നിത്യനാശത്തിലേക്കാണു പ്രവേശിക്കുന്നത്.

വേദപാരംഗതനായ വി. പീറ്റർ ക്രിസലോഗസിന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. "പ്രാർത്ഥനയുടെ ആത്മാവാണ് ഉപവാസം, ഉപവാസത്തിന്റെ ജീവരക്തം കരുണയാണ്, പ്രാർത്ഥിക്കുന്നുവെങ്കിൽ നീ ഉപവസിക്കുക; ഉപവസിക്കുന്നെങ്കിൽ കരുണ കാണിക്കുക, നിന്റെ യാചന കേൾക്കപ്പെടണമെന്ന് നീ ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരുടെ യാചന നീ കേൾക്കുക. നിന്റെ ചെവി മറ്റുള്ളവരുടെ നേരേ കൊട്ടിഅടയ്ക്കാതിരുന്നാൽ ദൈവത്തിന്റെ ചെവി നിന്റെ നേരേയും തുറന്നിരിക്കും."

പ്രിയപ്പെട്ടവരേ, ഈ നോമ്പുകാലം നമുക്കു ദൈവാനുഗ്രഹത്തിന്റെ നാളുകളാകട്ടെ. മത്സ്യമാംസാദികൾ വർജ്ജിക്കുന്ന നോമ്പുകാലം ആത്മീയയുദ്ധത്തിന്റെ കാലമാണ്. ഈ യുദ്ധത്തിൽ നാം ധരിക്കേണ്ട ആയുധങ്ങളാണ് പ്രാർത്ഥന, ഉപവാസം, വചനവായന, പരി. കുർബാനയിലുള്ള പങ്കാളിത്തം, പരോപകാരപ്രവൃത്തികൾ, രോഗിസന്ദർശനം എന്നിവ. അപ്പോൾ നാമെല്ലാവരും ആത്മീയമായി കരുത്തുള്ളവരാകും. പൗരസ്ത്യപിതാവായ മാർ അപ്രേമിന്റെ ഒരു പ്രാർത്ഥനയോടെ

ഈ നോമ്പുകാല സന്ദേശം അവസാനിപ്പിക്കട്ടെ:
“കർത്താവേ, എന്റെ ജീവനാഥാ
അലസതയുടെയും നിരാശയുടെയും അരൂപിയെ
എന്നിൽനിന്ന് മാറ്റണമേ.
പകരം എന്നിൽ ശുദ്ധതയുടെയും എളിമയുടെയും
ക്ഷമയുടെയും അരൂപിയെ നൽകിയാലും.
കർത്താവും രാജാവുമായവനേ,
എന്റെ തെറ്റുകളും കുറ്റങ്ങളും തിരിച്ചറിയാനും
എന്റെ സഹോദരങ്ങളെ
വിധിക്കാതിരിക്കാനുള്ള കൃപയും
എനിക്കു നൽകണമേ.”
വരുന്ന 50 ദിനരാത്രങ്ങൾ നമുക്ക് ഒരുമിച്ച് കർത്താവിനോട് കൂടെ ആയിരിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 15.02.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ ഇടയലേഖനം 2023 ഫെബ്രുവരി മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ-310

## യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ,
സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ഫെബ്രുവരി മാസം 19-ാം തീയതി ഞായറാഴ്ച നോമ്പു കാലം ആരംഭിക്കുകയാണല്ലോ. ആ ദിവസംതന്നെയാണ് യാമ പ്രാർത്ഥനകളുടെ നവീകരിച്ച ക്രമം നാം ഉപയോഗിച്ചു തുട ങ്ങേണ്ടത്. നമ്മുടെ രൂപതയിലെ ഇടവകദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മറ്റു സഭാ സ്ഥാപനങ്ങളിലും അന്നുതന്നെ നവീകരിച്ച ക്രമം ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. യാമപ്രാർത്ഥനകളുടെ ഉപയോഗത്തെ സംബന്ധിച്ച ചില പ്രായോഗികനിർദ്ദേശങ്ങൾ നല്കുക യാണ്.

1. ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച വൈകുന്നേരം ചൊല്ലുന്ന നോമ്പുകാലം ഒന്നാം ഞായറിലെ റംശയോടെ പുതിയ ക്രമം ആരംഭിക്കുന്നു.
2. ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലും റംശ ആഘോഷമായി നടത്തേണ്ടതാണ്.
3. റംശയിൽ ഓരോ ദിവസവും ആലപിക്കേണ്ട സങ്കീർത്തനം ഏതെന്ന് അതതു ദിവസത്തെ പ്രോപ്രിയയുടെ ആരംഭ ത്തിൽ നല്കിയിരിക്കുന്നു. (ഉദാ: നോമ്പുകാലം ഒന്നാം ഞായർ പേജ് 403)
4. ഉത്ഥാനഗീതത്തിന്റെ (സകലത്തിന്റെയും നാഥാ...) ആദ്യ പാദം സമൂഹമാണ് ആലപിക്കേണ്ടത്. തുടർന്ന്, കുർബാ നയിലെന്നപോലെ സങ്കീർത്തനവചനത്തോടെ കാർമ്മി കനും ത്രിത്വസ്തുതിയോടെ സമൂഹവും ഉത്ഥാനഗീതം ആവർത്തിക്കുന്നു.

5. ഓനീസാ ദക്ക്ദം, ഓനീസാ ദ്വാസർ, ഓനീസാ ദ്റംശ, അതേ തുടർന്ന് വരുന്ന സ്ലോസ, ആസ്വാസാ (സങ്കീർത്തനം 118 ന്റെ ഭാഗങ്ങൾ), ശൂറായ എന്നിവയാണ് റംശയിലെ മാറിവരുന്ന പ്രാർത്ഥനകൾ (പ്രോപ്രിയ). ഞായറാഴ്ചകളിലും തിരുനാൾദിനങ്ങളിലും ഈ ഘടകങ്ങളെല്ലാം പ്രോപ്രിയയിൽനിന്നാണ് ചൊല്ലേണ്ടത്. ആണ്ടുവട്ടത്തിലെ എല്ലാ ഞായറാഴ്ചകളിലും തിരുനാളുകളിലും ഈ പ്രാർത്ഥനകൾ മാറി വരുന്നതാണ്.

6. സാധാരണ ദിവസങ്ങളിൽ ഓനീസാ ദക്ക്ദം, ഓനീസാ ദ്വാസർ എന്നിവയ്ക്ക് ദ്വൈവാരഗീതക്രമം എന്നൊരു ക്രമീകരണമാണു സ്വീകരിച്ചിരിക്കുന്നത്. എല്ലാ ആരാധനക്രമകാലങ്ങളിലെയും സാധാരണദിവസങ്ങളിൽ ചൊല്ലേണ്ട ഈ കീർത്തനങ്ങൾക്ക് രണ്ടു ഗണമാണ് ഉള്ളത്. ഓരോ കാലത്തിലെയും 1,3,5,7,9,11 ആഴ്ചകളിൽ ഒന്നാം ഗണത്തിലെ കീർത്തനങ്ങളും 2,4,6,8,10,12 ആഴ്ചകളിൽ രണ്ടാം ഗണത്തിലെ കീർത്തനങ്ങളുമാണ് ചൊല്ലേണ്ടത് (പൊതുക്രമത്തിലെ പേജ് 6,9 എന്നിവയിൽ ദ്വൈവാരഗീതത്തിന്റെ ക്രമം നല്കിയിരിക്കുന്നു. പേജ് 30 മുതൽ 53 വരെ ഗീതങ്ങളും നല്കിയിരിക്കുന്നു).

7. കാറോസൂസായിൽ ഒന്നാം ഗണവും മൂന്നാം ഗണവും എല്ലാ ദിവസവും ചൊല്ലേണ്ടതാണ്. രണ്ടാം ഗണം കാറോസൂസ വലിയ നോമ്പുകാലത്ത് ചൊല്ലുന്നു.

8. ഓനീസാ ദ്റംശ എല്ലാ ദിവസവും മാറിവരുന്ന കീർത്തനമാണ്. പ്രോപ്രിയയിൽനിന്നാണ് ഇത് തിരഞ്ഞെടുക്കേണ്ടത് (ഉദാ: നോമ്പുകാലം ഒന്നാം ഞായർ ഓനീസാ ദ്റംശ പേജ് 405, നോമ്പുകാലം ഒന്നാം തിങ്കൾ ഓനീസാ ദ്റംശ പേജ് 412).

9. ഓനീസാ ദ്റംശയ്ക്കുശേഷം വരുന്ന സ്ലോസയും ആസ്വാസായും പൊതുക്രമത്തിൽത്തന്നെ നല്കിയിരി

ക്കുന്നു. ഈ പ്രാർത്ഥനകൾക്കു ദ്വൈവാരക്രമമോ ഓരോ ആഴ്ചയിലും മാറിവരുന്ന രീതിയോ ഇല്ല. ആണ്ടുവട്ടത്തിലെ എല്ലാ തിങ്കൾമുതൽ ശനിവരെയുള്ള ദിവസങ്ങളിലേക്ക് ഒരു ഗണം പ്രാർത്ഥനകൾ മാത്രമാണുള്ളത്.

10. രാത്രിനമസ്കാരത്തിൽ (ലെലിയാ) മർമ്മീസയും, ഓനീസാ ദ്ലെലിയായും എല്ലാ ദിവസവും മാറിവരുന്ന പ്രാർത്ഥനയായാണു ക്രമീകരിച്ചിരിക്കുന്നത് (ഉദാ: നോമ്പുകാലം ഒന്നാം ഞായർ പേജ് 407).

11. ശൂബാഹാ/ശൂറായാ, തെശ്ബൊഹത്താ, കാറോസൂസ എന്നിവ ഞായറാഴ്ചകളിൽ പ്രോപ്രിയയിൽനിന്നാണ് ചൊല്ലേണ്ടത് (ഉദാ: നോമ്പുകാലം ഒന്നാം ഞായർ പേജ് 408-411).

തിങ്കൽമുതൽ ശനിവരെയുള്ള ദിവസങ്ങളിലേക്കു ചൊല്ലേണ്ട മേൽപ്പറഞ്ഞ പ്രാർത്ഥനകൾ പൊതുക്രമത്തിൽ തന്നെ നല്കിയിരിക്കുന്നു. അതിൽത്തന്നെ പൊതുവായ ഒരു ഗണം കാറോസൂസയാണ് എല്ലാ സാധാരണ ദിവസങ്ങളിലും ചൊല്ലേണ്ടത്.

12. ലെലിയ പ്രാർത്ഥന സമാപനാശീർവാദത്തോടെയല്ല (ഹൂത്താമ്മ), മറിച്ച്, സ്ലോസായോടെയാണ് അവസാനിക്കുന്നത്.

13. പ്രഭാതപ്രാർത്ഥന (സപ്രാ) ആരംഭിക്കുന്നത്, “നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ” എന്ന മ്ശംശാനയുടെ ആഹ്വാനത്തോടെയാണ്. സപ്രായുടെ ആരംഭത്തിൽ നല്കിയിരിക്കുന്ന “പുലരിയിൽ നിദ്രയുണർന്നങ്ങേ” എന്ന ഗീതം ഉപേക്ഷിക്കാവുന്നതാണ്.

14. ഓനീസാ ദ്സപ്രാ എല്ലാ ദിവസവും പ്രോപ്രിയയിൽനിന്ന് തിരഞ്ഞെടുക്കേണ്ടതാണ്.

15. സാധാരണദിവസങ്ങളിൽ സപ്രാ പ്രാർത്ഥനയെത്തുടർന്ന് വിശുദ്ധ കുർബാനയുണ്ടെങ്കിൽ സപ്രാ നമസ്കാരത്തിലെ

ഉത്ഥാനഗീതവും ത്രിശുദ്ധകീർത്തനവും അതേത്തുടർന്നു വരുന്ന സ്ലോസാകളും ഉപേക്ഷിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. യാമപ്രാർത്ഥനയുടെ ഉപയോഗത്തിലൂടെ സഭയുടെ പൈതൃകത്തോടു ചേർന്നുനില്ക്കുവാനും ആത്മീയാഭിവൃദ്ധി പ്രാപിക്കുവാനും എല്ലാവർക്കും സാധിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 15.02.2023

സർക്കുലർ-311

# സകല മരിച്ചവരുടെയും അനുസ്മരണദിനം

*മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ,*
*സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,*

യോർദാൻനദിയിലെ മാമ്മോദീസാവേളയിൽ ലോകത്തിനു വെളിപ്പെടുത്തിയ മിശിഹായെ തങ്ങളുടെ ജീവിതത്തിൽ പ്രഘോഷിച്ചവരാണ് രക്തസാക്ഷികളും വിശുദ്ധരും. പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യത്തിൽ മിശിഹായ്ക്ക് സാക്ഷ്യംവഹിച്ച രക്തസാക്ഷികളെയും വിശുദ്ധരെയും ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിലാണ് അനുസ്മരിക്കുന്നത്. ഈ കാലത്തിലെ അവസാനത്തെ വെള്ളിയാഴ്ച ക്രൈസ്തവജീവിതം നയിച്ചു മരണമടഞ്ഞ സകലവിശ്വാസികളെയും പ്രത്യേകമായി ഓർമ്മിച്ചു പ്രാർത്ഥിക്കുന്നു. ഈശോ പ്രഘോഷിച്ച സുവിശേഷം തങ്ങളുടെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി ഈ ലോകത്തിൽനിന്നു കടന്നുപോയ എല്ലാ വിശ്വാസികളെയും ഈ ദിവസം സഭ അനുസ്മരിക്കുന്നു. "അന്നീദാമാരുടെ വെള്ളി" എന്ന പേരിലാണ് ഈ അനുസ്മരണം പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ അറിയപ്പെടുന്നത്. "ആദത്തിന്റെ മക്കളുടെ വെള്ളി" എന്നും ഈ ഓർമ്മത്തിരുനാൾ വിശേഷിപ്പിക്കപ്പെടുന്നു. മരിച്ചവരെ സൂചിപ്പിക്കാൻ നമ്മുടെ പാരമ്പര്യത്തിൽ ഉപയോഗിക്കുന്ന സുറിയാനി പദമാണ് അന്നീദാ. അഭാവം, ഇല്ലാതിരിക്കൽ, അകന്നുപോകൽ, വേർപാട്, സ്ഥലംമാറൽ എന്നിവയാണ് ഈ പദത്തിന്റെ അർത്ഥം. "കൊല്ഹോൻ അന്നീദേ" സകല മരിച്ചവരും എന്ന് വിശുദ്ധ കുർബാനയിൽ നാം ഉപയോഗിക്കുന്നുമുണ്ട്. പൗരസ്ത്യസുറിയാനി ആരാധനക്രമഗ്രന്ഥങ്ങളിൽ ഈ ഓർമ്മദിനത്തിന്റെ പേര് "അറൂവ്താ ദ് അന്നീദേ" എന്നാണ് നൽകിയിരിക്കുന്നത്. "മരിച്ചവരുടെ വെള്ളി" എന്നാണ് അതിന്റെ അർത്ഥം.

നശ്വരമായ ഈ ലോകത്തിൽനിന്നു അനശ്വരമായ ലോകത്തിലേക്കു കടന്നുപോയവരാണ് മരിച്ച വിശ്വാസികൾ. ഈശോയിലുള്ള വിശ്വാസം നമുക്കു പകർന്നു നൽകിയതും അത്

ജീവിക്കാൻ നമ്മെ പഠിപ്പിച്ചതും നമ്മുടെ പൂർവ്വികരാണ്. കുഞ്ഞുങ്ങളെ വിശ്വാസസത്യങ്ങളെക്കുറിച്ചു പ്രബോധിപ്പിക്കുന്നതിലും പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നതിലും ജീവിതമാതൃകയിലൂടെ അതു പ്രവൃത്തിപഥത്തിലെത്തിക്കുന്നതിലും ബദ്ധശ്രദ്ധരായിരുന്ന അവർ, നമ്മുടെ മുമ്പിലുള്ള വിശുദ്ധജീവിതങ്ങളാണ്. അവരെ ഓർമ്മിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള വലിയ അവസരമാണ് ഈ തിരുനാളിലൂടെ തിരുസ്സഭ നമുക്കു നൽകുന്നത്. വലിയ നോമ്പിനു തൊട്ടുമുമ്പുള്ള വെള്ളിയാഴ്ചയായതിനാൽ ഈ ഓർമ്മ നോമ്പിനുള്ള ഒരുക്കം കൂടിയാണ്. മരണത്തെക്കുറിച്ചുള്ള ഓർമ്മ, പശ്ചാത്തപിക്കുന്നതിനും പരിഹാരപ്രവൃത്തികൾ ചെയ്യുന്നതിനും നമ്മെ സഹായിക്കും. ആകയാൽ ഈ ദിവസം നമ്മുടെ ജീവിതത്തെപ്പറ്റി വിശകലനം ചെയ്യാനും മരണമടഞ്ഞ നമ്മുടെ സഹോദരങ്ങളെ വിശുദ്ധ ബലിപീഠത്തിൽ ഓർമ്മിക്കാനും സഹായകമാകട്ടെ. പരിശുദ്ധ കുർബാനയിലെ മാർ തെയദോറിന്റെ കൂദാശക്രമത്തിൽ നാം ഇപ്രകാരമാണല്ലോ പ്രാർത്ഥിക്കുന്നത്: “കർത്താവേ, സത്യവിശ്വാസത്തോടെ ഈ ലോകത്തിൽനിന്നു മരിച്ചുപോയവർ നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു......... കർത്താവേ, മർത്ത്യമായ ശരീരത്തിലും അമർത്ത്യമായ ആത്മാവിലും ഞങ്ങളുടെ പരേതരായ സഹോദരർ ചെയ്തുപോയ തെറ്റുകളും കുറ്റങ്ങളും അങ്ങയുടെ മുമ്പാകെ അവർക്കു വന്നുപോയിട്ടുള്ള വീഴ്ചകളും കൃപാപൂർവം മോചിക്കണമേ.........” മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്ക് ഈ അനുസ്മരണം കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 16.02.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഈ സർക്കുലറിലെ ചിന്തകൾ മരിച്ചവരുടെ ഓർമ്മദിനമായ ഫെബ്രുവരി 17 കുർബാനമദ്ധ്യേ സന്ദേശമായിട്ടു നൽകുകയോ അല്ലെങ്കിൽ വായിക്കുകയോ ചെയ്യേണ്ടതാണ്. അതോടൊപ്പം നമ്മുടെ എല്ലാ ദൈവാലയങ്ങളിലും മരിച്ചവരുടെ പ്രാർത്ഥനകളും സിമിത്തേരിസന്ദർശനവും നടത്തേണ്ടതാണ്.

Ref: 3840/K-5/KCBC/OL/DS 11.02. 2023

# മദ്യവിരുദ്ധഞായർ, 2023 മാർച്ച് 12

**മദ്യവിരുദ്ധഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം**

വന്ദ്യവൈദികരേ, സന്ന്യാസസഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും മദ്യവിരുദ്ധപ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യംവയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധസമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചുവരുന്നു.

സാമൂഹികതിന്മകളുടെ കാര്യത്തിൽ സാക്ഷരകേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരിയുപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാസംഘങ്ങളും ലഹരിമാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരിയുപയോഗമാണ്. ലഹരിമാഫിയക്കെതിരേ പോരാടാനുറച്ചുകൊണ്ട് ജില്ലാ, താലൂക്ക്, പഞ്ചായത്തു തലങ്ങളിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവ

റേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽനിന്നു മദ്യം ഉത്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയ്ൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരിമാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്കു യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയപ്പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരേ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47 പ്രകാരം ദാരിദ്ര്യത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975 ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984 ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തുനടത്തുന്നത് കാപട്യമാണ്. മദ്യക്കുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയ പങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ചു വാഹ

നമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലു വയസ്സുകാരി പാമ്പുകടിയേറ്റു മരണപ്പെട്ട ദാരുണസംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്ത് അധികാരത്തിൽവന്ന സർക്കാർ ഘട്ടംഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണു നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾക്കുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണമെന്ന ചിന്ത ഒരു ജനാധിപത്യസർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ കാമ്പയ്ൻ സംഘടിപ്പിക്കുകയും അതു പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിനു നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സൈ്വര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൽനിന്ന് സർക്കാർ പിന്മാറുവാൻ ആർജവം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യ-വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ സമഗ്രസംഭാവന നല്കിയിട്ടുള്ള കേരള കത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാനദൗത്യത്തിൽനിന്നു മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനികസഭയുടെ പ്രവാചകസാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ആധുനിക

സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിലൊന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളെക്കാൾ വ്യാപക മായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്കര മായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തര മായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവ ശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശി ക്കുന്ന ഒന്നാണ്. മാനവകുടുംബത്തിലെ എല്ലാവരും മതവിശ്വാ സങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസ ത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെ ന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കു കൂടി കാരണമാകും" (International Conference on the Scientific, Social and Moral A spects of Alchololism, Friday 22nd June 1984).

മദ്യവിമുക്തസമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘ ടന നിർദേശിച്ച ത്രിമാനപദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കു ന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാനപദ്ധതികൾ. കേരള ജന സംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടിരിക്കുന്നുവെ ന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരിവിപണനസ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപ യോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോ

ചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സയ്ക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരേ ഒരു പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്കു നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ - കോളേജ് തലത്തിലും വിശ്വാസപരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷാമേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്രവളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്കാരത്തിൽനിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടെയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടെയും പുതിയ ജീവിതത്തിലേക്ക് തിരികെയെത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996 ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജതജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരെയും വൈദികശ്രേഷ്ഠരെയും അല്മായസഹോദരങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. കേരളത്തിലെ മദ്യവ്യാപാരത്തിനെ

തിരേ സന്ധിയില്ലാസമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യ വിപത്തിനെതിരേ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്കു ധീര മായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങ ളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായ റാഴ്ചത്തെ സ്തോത്രക്കാഴ്ച മദ്യവിരുദ്ധപ്രവർത്തനങ്ങൾ ക്കായി രൂപതാകേന്ദ്രത്തിൽ നല്കണമെന്നു സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

*കേരള കത്തോലിക്കാസഭയുടെ ആസ്ഥനകാര്യാലയം പി.ഒ.സി.*
*കൊച്ചി - 682025*

N.B.: ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കേരള ത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീക രിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3845/K-5/KCBC/OL/DS 20.02. 2023

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023-ലെ തപസ്സുകാലത്തിലേക്കു നല്കുന്ന സന്ദേശം

# "തപസ്സുകാല അനുതാപവും സിനഡാത്മക സഞ്ചാരവും"

പ്രിയ സഹോദരീസഹോദരന്മാരേ,

മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ യേശുവിന്റെ രൂപാന്തരണത്തിന്റെ വിവരണം നല്കുന്നു. തന്നെ മനസ്സിലാക്കാൻ പരാജയപ്പെട്ട ശിഷ്യന്മാരോടുള്ള യേശുവിന്റെ പ്രതികരണമാണ് നാം അവിടെ കാണുന്നത്. അതിന് അല്പംമുമ്പായി ഗുരുവും ശിമയോൻ പത്രോസും തമ്മിൽ ഗൗരവമായ ഒരു അഭിപ്രായവ്യത്യാസപ്രകടനം നടന്നിരുന്നു. യേശുവിനെ ക്രിസ്തുവും ദൈവപുത്രനുമായി പ്രഖ്യാപിച്ച പത്രോസിന് അവിടത്തെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പ്രവചനം ഉൾക്കൊള്ളാനായില്ല. അതിനാൽ, യേശു പത്രോസിനെ ശക്തമായി ശകാരിച്ചു: "സാത്താനേ, നീ എന്റെ പിന്നിലേക്കു പോകു, നീ എനിക്കു തടസ്സമാണ്. കാരണം, നീ ചിന്തിക്കുന്നത് ദൈവികകാര്യങ്ങളല്ല, മാനുഷികകാര്യങ്ങളാണ്" (മത്താ. 16:23). ഇതിനെ തുടർന്ന്, "യേശു ആറുദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെമാത്രം കൂട്ടിക്കൊണ്ട് ഒരുയർന്ന മലയിലേക്കു പോയി" (മത്താ. 17:1).

എല്ലാ വർഷവും തപസ്സുകാലത്തിലെ രണ്ടാം ഞായറാഴ്ച രൂപാന്തരണത്തിന്റെ സുവിശേഷം വായിച്ചുവരുന്നു. ആരാധനക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്കു മാറ്റിനിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നമ്മെ നാം സാധാരണയായി ആയിരിക്കുന്നിടത്തുതന്നെ നിലകൊള്ളാനും നാം

പലപ്പോഴും ആവർത്തിച്ചുചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിനപ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത് "ഒരുയർന്ന മലയിലേക്കു" കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ (താപസവൃത്തി – 'അഷേസിസ്' എന്ന് ലത്തീനിൽ) അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു.

തപസ്സുകാല അനുതാപം എന്നത് നമ്മുടെ വിശ്വാസ കുറവിനെയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും മറികടക്കുന്നതിനുള്ള കൃപാവരങ്ങൾ പരിപോഷിപ്പിക്കപ്പെടുന്ന ഒരു പ്രതിജ്ഞാബദ്ധതയാണ്. ഇതുതന്നെയായിരുന്നു പത്രോസും ഇതരശിഷ്യരും ചെയ്യേണ്ടിയിരുന്നത്. ഗുരുവിനെക്കുറിച്ചുള്ള അറിവ് ആഴപ്പെടുത്താനും സ്നേഹത്താൽ പ്രചോദിതരായി സമ്പൂർണ സ്വയം ദാനംവഴി നേടിയെടുക്കപ്പെട്ട, അവിടത്തെ രക്ഷയുടെ രഹസ്യത്തെ പൂർണമായി മനസ്സിലാക്കാനും അതിനെ ആശ്ലേഷിക്കാനുമായി നമ്മെ അവിടന്നു വേർതിരിച്ചുനിറുത്താനും കേവലസാമാന്യതയിൽനിന്നും വ്യർഥതയിൽനിന്നും വേർതിരിക്കപ്പെടാനും നാം നമ്മെത്തന്നെ അനുവദിക്കണം. അതിനായി നാം ഒരു യാത്രയ്ക്കു തയ്യാറാവണം; മലകയറുന്നതുപോലെ മുകളിലേക്കുള്ള ഒരു യാത്രയാണിത്; അതിനു പ്രയത്നവും ത്യാഗവും ഏകാഗ്രതയും ആവശ്യമുണ്ട്. ഒരു സഭ എന്ന നിലയ്ക്ക് ഇന്ന് നാം പ്രതിജ്ഞാബദ്ധരായിരിക്കുന്ന സിനഡാത്മകസഞ്ചാരത്തിനും അവ അനിവാര്യമാണ്. ആകയാൽ, തപസ്സനുഷ്ഠാനവും സിനഡാത്മക അനുഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനം വളരെ ഉപകാരപ്രദമായിരിക്കും.

താബോർമലയിലേക്കുള്ള തന്റെ 'പിൻവാങ്ങലിൽ' (retreat) യേശു മൂന്നു ശിഷ്യന്മാരെ കൂടെക്കൊണ്ടുപോയി;

അസാധാരണമായ ആ സംഭവത്തിനു സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. എന്നാൽ, കൃപയുടെ ആ അനുഭവം പങ്കുവയ്ക്കപ്പെടണമെന്ന് യേശു ആഗ്രഹിക്കുന്നു; അത് അവരുടേതു മാത്രമായി അവശേഷിക്കാൻ പാടില്ല; നമ്മുടെ വിശ്വാസജീവിതം എന്നതുതന്നെ പങ്കുവയ്ക്കപ്പെടുന്ന ഒരു അനുഭവമാണല്ലോ! എന്തെന്നാൽ, ഒത്തൊരുമിച്ചാണല്ലോ നാം യേശുവിനെ അനുഗമിക്കുന്നത്. സമയബന്ധിതമായിരിക്കുന്ന ഒരു തീർത്ഥാടകസഭ എന്ന നിലയിൽ നാം ഒരുമിച്ചാണ് ആരാധനാവർഷവും അതിന്റെ ഭാഗമായിരിക്കുന്ന തപസ്സുകാലവും ആചരിക്കുന്നതും അനുഭവിക്കുന്നതും; അതായത്, നമ്മുടെ സഹയാത്രികരോടൊപ്പം, കർത്താവ് നമുക്കു നൽകിയിട്ടുള്ളവരോടൊപ്പം, നടന്നുകൊണ്ട്. യേശുവിന്റെയും ശിഷ്യന്മാരുടെയും താബോർ മലകയറ്റംപോലെ നമ്മുടെ തപസ്സുകാലസഞ്ചാരവും സിനഡാത്മകമാണെന്ന് നമുക്കു പറയാനാകും; കാരണം, അതു നാം ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ ഒരേയൊരു പാതയിൽ ഒരുമിച്ചു നടക്കുന്നതാണ്. എന്തെന്നാൽ, യേശുതന്നെയാണ് 'വഴി' എന്ന് നമുക്കറിയാം. അതിനാൽ, ആരാധനക്രമപരമായ സഞ്ചാരത്തിലും സിനഡിന്റെ സഞ്ചാരത്തിലും സഭ നടത്തുന്നത് രക്ഷകനായ ക്രിസ്തുവിന്റെ രഹസ്യത്തിലേക്കു കൂടുതൽ ആഴത്തിലും പൂർണതയിലും പ്രവേശിക്കുക എന്നതിലുപരി മറ്റൊന്നുമല്ല.

അങ്ങനെ, നാം അതിന്റെ ഉച്ചസ്ഥാനത്ത് എത്തിച്ചേരുന്നു. യേശു 'അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി; അവന്റെ വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമായി' (മത്താ. 17:2) എന്ന് സുവിശേഷം പറയുന്നു. സഞ്ചാരത്തിന്റെ കൊടുമുടി അഥവാ ലക്ഷ്യം ഇതാണ്. തങ്ങളുടെ ആരോഹണത്തിന്റെ അവസാനം അവർ ഗിരിശൃംഗത്തിൽ യേശുവിനോടൊപ്പം നിൽക്കുന്നു; അലൗകികമായ പ്രകാശത്തിൽ തിളങ്ങിനിന്ന യേശുവിന്റെ മഹത്ത്വം

ദർശിക്കാനുള്ള കൃപാവരം ആ മൂന്നു ശിഷ്യന്മാർക്കു ലഭിക്കുകയുണ്ടായി. ആ പ്രകാശം പുറത്തുനിന്നു വന്നതായിരുന്നില്ല; അത് കർത്താവിൽനിന്നുതന്നെ പ്രസരിച്ചതാണ്. താബോർ ആരോഹണത്തിനായി ശിഷ്യന്മാർ നടത്തിയ എല്ലാ പ്രയത്നങ്ങൾക്കുമുപരിയായിരുന്നു പ്രസ്തുത ദർശനത്തിന്റെ ദൈവിക സൗന്ദര്യം. ശ്രമകരമായ ഏതു പർവതാരോഹണത്തിലും നാം നമ്മുടെ നയനങ്ങൾ പാതയിൽ ഉറപ്പിച്ചുനിറുത്തേണ്ടതാണ്; എന്നിരുന്നാലും, അതിന്റെ അവസാനം ഉരുത്തിരിയുന്ന വിശാലദൃശ്യം നമ്മെ ആശ്ചര്യപ്പെടുത്തുകയും അതിന്റെ മനോഹാരിതയാൽ നമുക്കു പ്രതിഫലം ലഭിക്കുകയും ചെയ്യും. അതുപോലെതന്നെ സിനഡാത്മകപ്രക്രിയ പലപ്പോഴും ദുഷ്കരമാണെന്ന് നമുക്കു തോന്നും; അങ്ങനെ നാം ചിലപ്പോൾ നിരുത്സാഹപ്പെട്ടവരാകും. എന്നാൽ, അവസാനം നമ്മെ കാത്തിരിക്കുന്നത് നിശ്ചയമായും അദ്ഭുതാവഹവും ആശ്ചര്യജനകവുമായ ഒന്നായിരിക്കും; അത് നമ്മെ ദൈവഹിതവും അവിടത്തെ രാജ്യത്തിന്റെ ശുശ്രൂഷയ്ക്കായുള്ള നമ്മുടെ ദൗത്യവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നതായിരിക്കും.

നിയമത്തെയും പ്രവാചകരെയും യഥാക്രമം പ്രതിനിധീകരിക്കുന്ന മോശയും ഏലിയായും യേശുവിന്റെ രൂപാന്തരണവേളയിൽ പ്രത്യക്ഷപ്പെട്ടത് (മത്താ. 17:3 കാണുക) മലയിലെ ശിഷ്യന്മാരുടെ അനുഭവത്തെ കൂടുതൽ സമ്പന്നമാക്കിമാറ്റി. ക്രിസ്തുവിന്റെ നവീനത എന്നു പറയുന്നത് പഴയ ഉടമ്പടിയുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണം എന്നതാണ്; ദൈവം തന്റെ ജനവുമായി ഇടപഴകിയതിന്റെ ചരിത്രത്തിൽ നിന്ന് അതിനെ വേർപെടുത്താനാകില്ല; ആ ചരിത്രത്തിന്റെ ആഴമാർന്ന അർഥം അത് വെളിപ്പെടുത്തുന്നു. അതുപോലെ തന്നെ, സിഡാത്മകസഞ്ചാരം ഒരേസമയം സഭയുടെ പാരമ്പര്യത്തിൽ ഊന്നിനിൽക്കുന്നതും എന്നാൽ, നവീനതയിലേക്കു

തുറന്നിരിക്കുന്നതുമാണ്. പുതിയ വഴികൾ അന്വേഷിക്കുന്നതിന് പ്രചോദനം നൽകുന്ന സ്രോതസ്സാണ് പാരമ്പര്യം; അതിന് എതിർനിൽക്കുന്ന സ്തംഭനതയുടെ പ്രലോഭനത്തെയും തൽക്ഷണം സൃഷ്ടിനടത്തുന്ന പരീക്ഷണശൈലിയെയും ഒഴിവാക്കാനും പാരമ്പര്യം നമ്മെ സഹായിക്കുന്നു.

തപസ്സുകാല അനുതാപസഞ്ചാരത്തിന്റെയും സിനഡാത്മകസഞ്ചാരത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തരണമാണ്. ഇവ രണ്ടിലും ഉൾച്ചേർന്നിരിക്കുന്ന പരിവർത്തനത്തിന്റെ മാതൃക യേശുവിന്റെ രൂപാന്തരണം തന്നെയാണ്; അത് സമ്പാദിക്കപ്പെടുന്നത് അവിടത്തെ പെസഹാരഹസ്യത്തിന്റെ കൃപമൂലമാണ്. യേശുവിനോടൊപ്പം മലകയറാനും അവിടത്തോടൊപ്പം ആയിരിക്കാനും, അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും ഞാൻ രണ്ടു പാതകൾ നിർദേശിക്കാൻ ആഗ്രഹിക്കുന്നു.

താബോർമലയിൽവച്ച് രൂപാന്തരപ്പെട്ട യേശുവിനെ ധ്യാനിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് പിതാവായ ദൈവം നൽകിയ നിർദേശത്തോടുചേർന്നുള്ളതാണ് ആദ്യത്തെ പാത. മേഘത്തിൽനിന്നുള്ള സ്വരം ഇപ്രകാരം പറഞ്ഞു: 'ഇവനെ ശ്രവിക്കുവിൻ' (മത്താ. 17:5). ആകയാൽ, ആദ്യനിർദേശം വളരെ വ്യക്തമാണ്. നാം യേശുവിനെ ശ്രവിക്കണം. അവിടന്ന് നമ്മോടു സംസാരിക്കുമ്പോൾ നാം അവിടത്തെ ശ്രവിക്കുന്ന കൃപയുടെ കാലമാണ് തപസ്സുകാലം. എങ്ങനെയാണ് അവിടന്ന് നമ്മോടു സംസാരിക്കുന്നത്? ഒന്നാമത്, ആരാധനക്രമത്തിൽ സഭ നമുക്കു നൽകുന്ന ദൈവവചനംവഴിയായി. ആ വചനം നമ്മുടെ ബധിരകാതുകളിൽ പതിക്കാതിരിക്കട്ടെ! നമുക്കു ദിവ്യപൂജയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈനംദിനമുള്ള ബൈബിൾ വായനവഴിയായി ദൈവവചനം പഠനവിഷയമാക്കാം; ഇന്റർനെറ്റിന്റെ സഹായത്തോടെയും ആകാം അത്. വിശുദ്ധലിഖിതങ്ങൾക്കു പുറമേ, നമ്മുടെ സഹോദരീസഹോദരന്മാരിലൂടെയും കർത്താവ് നമ്മോടു

സംസാരിക്കുന്നു-ഏറെ പ്രത്യേകിച്ച്, ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ വദനങ്ങളിലൂടെയും അവരുടെ കഥകളിലൂടെയും. സിനഡാത്മകപ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതായ മറ്റൊരു കാര്യംകൂടി ഞാൻ പറയട്ടെ: പലപ്പോഴും ക്രിസ്തുവിനെ ശ്രവിക്കുന്നതു സംഭവിക്കുന്നതു സഭയിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കുന്നതിലൂടെയാണ്. അപ്രകാരമുള്ള പരസ്പരശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമാണ്; എന്നാൽ, അത് സിനഡാത്മകസഭയുടെ രീതിശാസ്ത്രത്തിന്റെയും ശൈലിയുടെയും അനിവാര്യഭാവമായി എപ്പോഴും നിലനില്ക്കുന്നു.

പിതാവിന്റെ സ്വരംകേട്ട "ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ അത്യധികം ഭയപ്പെട്ടിരുന്നു. യേശു അവരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു: 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മത്താ. 17: 6-8). തപസ്സുകാലത്തെ സംബന്ധിച്ച രണ്ടാമത്തെ നിർദേശം ഇവിടെയാണ് ഞാൻ കാണുന്നത്: അതായത്, യാഥാർഥ്യത്തെയും അതുമായുള്ള ദൈനംദിന പോരാട്ടങ്ങളെയും ക്ലേശങ്ങളെയും വൈരുദ്ധ്യങ്ങളെയും അഭിമുഖീകരിക്കുന്നതിന്റെ ഭയത്തെ മറികടക്കുന്നതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളിലും നാടകീയമായ അനുഭവങ്ങളിലും ഊന്നിനിൽക്കുന്ന മതാത്മകതയിൽ അഭയം പ്രാപിക്കുന്നത്. യേശു ശിഷ്യന്മാരെ കാണിച്ചുകൊടുത്ത പ്രകാശം ഉയിർപ്പിന്റെ മഹിമയുടെ ഒരു മുന്നാസ്വാദനമായിരുന്നു. 'അവിടത്തെ മാത്രം' അനുഗമിക്കുന്ന നമുക്ക് അതായിരിക്കണം നമ്മുടെ പ്രയാണത്തിന്റെ ലക്ഷ്യം. തപസ്സുകാലം ഉയിർപ്പുതിരുനാളിലേക്കു നീങ്ങുന്നതാണ്. 'പിൻവാങ്ങൽ' (retreat) അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; അത് വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേക്കും അങ്ങനെ ഉയിർപ്പിലേക്കും എത്തിച്ചേരാ

നായി നമ്മെ ഒരുക്കുന്ന ഒരു മാർഗമാണ്. സിനഡാത്മക സഞ്ചാരവും അപ്രകാരമുള്ളതാണ്. പ്രസ്തുത പാതയിൽ ദൈവം നമുക്കു കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ പ്രദാനംചെയ്യുന്ന കൃപാവരങ്ങൾ നല്കിയാൽത്തന്നെയും നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നുവെന്നു കരുതാൻ പാടില്ല; അവിടെയും കർത്താവ് നമ്മോട് ആവർത്തിക്കുന്നു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' ആകയാൽ, നമുക്ക് താഴേക്ക്, സമതലത്തിലേക്ക്, ഇറങ്ങാം; നമുക്ക് അനുഭവവേദ്യമായ കൃപാവരം നമ്മുടെ സമൂഹങ്ങളിൽ സാധാരണജീവിതത്തിലെ 'സിനഡാത്മകതയുടെ ശില്പികളാകാൻ' നമ്മെ ശക്തിപ്പെടുത്തട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ തപസ്സുകാലത്ത് യേശുവിനോടൊത്തു ദൈവാനുഭവത്തിന്റെ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. അതുവഴി, നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയുകയും അങ്ങനെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട് തന്റെ ജനത്തിന്റെ മഹത്ത്വവും ജനതകളുടെ പ്രകാശവുമായ അവിടത്തോടൊപ്പമുള്ള നമ്മുടെ സഞ്ചാരത്തിൽ നാം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളായ ജനുവരി 25-ാം തീയതി റോമായിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ചു നല്കപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി. കൊച്ചി - 682025

# അറിയിപ്പുകൾ

## സംഭാവനശേഖരണം

1. തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് മാർച്ച് മാസം 5-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ പിരിവുനടത്തിക്കിട്ടുന്ന തുക ഏപ്രിൽ 30 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം.

2. മദ്യവിരുദ്ധഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ 2023 ഏപ്രിൽ 30 നു മുമ്പായി ഏൽപ്പിക്കണം.

3. വിശപ്പിനും രോഗത്തിനുമെതിരേ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തിക്കിട്ടുന്ന തുക ഏപ്രിൽ 30 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം.

# അൾത്താരബാലന്മാരുടെ ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. സൗകര്യാർത്ഥം രണ്ടു ബാച്ചുകളായിട്ടാണു ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽനിന്നും 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്കു ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയക്കുമല്ലോ.

**ഒന്നാം ബാച്ച്**

2023 ഏപ്രിൽ 17 തിങ്കൾ

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

***ഫൊറോനാകൾ:***

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ

**രണ്ടാം ബാച്ച്**

2023 ഏപ്രിൽ 18 ചൊവ്വാഴ്ച

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

***ഫൊറോനാകൾ:***

പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ** (റെക്ടർ)

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി
കരൂർ, 28-02-2023

**NB:** ഒരു ഇടവകയിൽനിന്നു പരമാവധി 5 കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. ക്രമീകരണം സുഗമമാക്കുവാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ.

Mob: 8606815642 (Fr. Mathew Thennattil)
9447661326 (Fr. Vincent Moongamakal)

# ദൈവവിളിക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ, സന്ന്യാസിനീസന്ന്യാസിമാരേ, വിശ്വാസപരിശീലകരേ,

S.S.L.C. ,+2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ, ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്കായി ഒരു ദൈവവിളിക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ നടത്തുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കട്ടെ. **2023 ഏപ്രിൽ മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിക്കുന്ന ഈ ക്യാമ്പ് 4-ാം തീയതി ചൊവ്വാഴ്ച ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നതാണ്.**

പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികരാകുവാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

പൗരോഹിത്യജീവിതത്തിലേക്കു വിളിയുണ്ടെന്നു കരുതുന്നവരെയെല്ലാം ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും അസ്തേന്തിയച്ചന്മാരും മാതാപിതാക്കളും വിശ്വാസപരിശീലകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ** (റെക്ടർ)

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 28-02-2023

---

NB: ബഹു. വികാരിയച്ചന്മാർ ദയവായി ഈ വിവരങ്ങൾ മാർച്ച് 25-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മധ്യേ അറിയിക്കേണ്ടതാണ്.

# SALT 2K23

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

ഗുണമേന്മയുള്ള തലമുറയുടെ രൂപീകരണം സഭയുടെയും സമൂഹത്തിന്റെയും നിലനില്പിന് അത്യന്താപേക്ഷിതമാണല്ലോ. നമ്മുടെ കുഞ്ഞുങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യംവച്ച് ആത്മീയതയിലും ബൗദ്ധികതയിലും അവരെ കൂടുതൽ മികവുള്ളവരാക്കി മാറ്റാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ രൂപതയിലെ മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ SALT 2K23 എന്ന പരിപാടി തയ്യാറായിരിക്കുകയാണ്. ഒന്നോ രണ്ടോ ദിവസങ്ങളിലെ ക്യാമ്പ് ആയിട്ടാണ് ഈ പരിപാടി ഇടവകകളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്. മെയ് മാസം 1 മുതൽ 25 വരെ തീയതികളിൽ ഈ പ്രോഗ്രാം നടത്താൻ ബ്രദേഴ്സിന്റെ സാന്നിധ്യവും സഹായവും ലഭ്യമാണ്.

- ❖ Personality Development
- ❖ Social Media Management
- ❖ Interpersonal Skills




- ❖ Holy Qurbana
- ❖ Confession
- ❖ Vocation Discernment

SALT 2K23 ഇടവകകളിൽ നടത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ താത്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

Bro. Joseph Vallothadathil (8848232929)

Bro. Thomas Kizhakekara (9961354133)

ബുക്കിംഗ് സമയം: March 17, 2023 – April 15, 2023

മിശിഹായിൽ സ്നേഹപൂർവ്വം,

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | ഏലിയാമ്മ പാപ്പച്ചൻ, കുളമാവ് | 50,000 | |
| 2 | മിനികുമാർ, നെല്ലിയാനി | 50,000 | |
| 3 | ജിഷ പറത്താനം | 4,00,000 | |
| 4 | ഷാജി ജോസഫ്, പൂഴികോൽ | 4,51,299 | |
| 5 | ഷാജു, മോനിപ്പള്ളി | 50,000 | |
| 6 | മാത്യു, മോനിപ്പള്ളി | 50,000 | |
| 7 | ഷാജൻ വർഗീസ്, കാഞ്ഞിരമറ്റം | 50,000 | |
| 8 | സനീഷ് ജെ. തോമസ്, രത്നഗിരി | 50,000 | |
| 9 | രാജമ്മ കൃഷ്ണൻകുട്ടി, രാമപുരം | 25,000 | |
| 10 | ഷിബു, മോനിപ്പള്ളി | | 32,434 |
| 11 | ബേബി വർക്കി, മോനിപ്പള്ളി | | 10,000 |
| 12 | ജോമോൾ സെബാസ്റ്റ്യൻ, മോനിപ്പള്ളി | | 10,000 |
| 13 | ടെസ്സി ജോസ്, മോനിപ്പള്ളി | | 10,000 |
| 14 | ലിമ, മോനിപ്പള്ളി | | 16,162 |
| 15 | ചിന്നമ്മ, മോനിപ്പള്ളി | | 50,558 |
| 16 | തങ്കമ്മ മത്തായി, മോനിപ്പള്ളി | | 10,000 |
| 17 | ജോബിൻ ജോർജ് (CMC) | | 25,000 |
| 18 | മേരി, മണ്ണാറപ്പാറ (CMC) | | 30,000 |
| 19 | ഡെയ്സി മാത്യു, കുറവിലങ്ങാട് (CMC) | | 20,000 |
| 20 | ഷിജോ ജോസഫ് (CMC) | | 50,000 |
| 21 | സജിത മുട്ടുചിറ (CMC) | | 20,000 |

## സാമ്പത്തികസഹായം നൽകിയവർ

| | | |
|---|---|---|
| 1 | ക്രിസ്റ്റി ക്ലെയർ ജോർജ് | 50,000 |
| 2 | ജെയിംസ് കുര്യൻപറമ്പിൽ, മണ്ണാറപ്പാറ | 2,00,000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## 15 മണിക്കൂറിൽ 25 ആർത്രോസ്കോപ്പി ശസ്ത്രക്രിയകൾ പൂർത്തിയാക്കി മാർ സ്ലീവാ മെഡിസിറ്റിയുടെ ഡോ. ഒ.ടി. ജോർജ്

15 മണിക്കൂറിൽ 25 ആർത്രോസ്കോപ്പി ശസ്ത്രക്രിയകൾ പൂർത്തിയാക്കി അപൂർവനേട്ടം കൈവരിച്ച് ഇന്ത്യയിലെ പ്രമുഖ ഓർത്തോപീഡിക് സർജൻ ഡോ. ഒ.ടി. ജോർജ്. പാലാ മാർ സ്ലീവാ മെഡിസിറ്റിയിലും തൊടുപുഴ സെന്റ് മേരീസ് ആശുപത്രിയിലുമായാണ് 25 ശസ്ത്രക്രിയകൾ ചുരുങ്ങിയ സമയത്തിൽ പൂർത്തിയാക്കിയത്. 20 വയസ്സുമുതൽ 62 വയസ്സുവരെയുള്ളവർ ശസ്ത്രക്രിയ്ക്കു വിധേയരായി.

## സ്റ്റുഡന്റ് പോലീസിനായി പ്രഥമശുശ്രൂഷാപരിശീലനമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ

സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി പാലാ മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ പ്രഥമശുശ്രൂഷാപരിശീലനം നൽകി. സി.പി.ആർ. നൽകുന്നവിധം, ആഹാരം തൊണ്ടയിൽ കുടുങ്ങിയാൽ നൽകേണ്ട പ്രഥമശുശ്രൂഷ, മറ്റ് അപകടങ്ങൾ സംഭവിച്ചാൽ ചെയ്യേണ്ട കാര്യങ്ങൾ തുടങ്ങിയവ പരിശീലിപ്പിച്ചു.

**മെഡിക്കൽ ടൂറിസത്തിനായി ബ്രിട്ടനുമായി സഹകരിച്ച് മാർ സ്ലീവാ മെഡിസിറ്റി**

ബ്രിട്ടീഷ് പൗരന്മാർക്ക് കേരളത്തിൽ മികച്ച ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മാർ സ്ലീവാ മെഡിസിറ്റി പാലാ യു. കെ. ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഷിൻ സിറ്റിയുമായി സഹകരിച്ചു മെഡിക്കൽ ടൂറിസം പദ്ധതിക്ക് തുടക്കംകുറിച്ചു. ഇരുപതിൽ അധികം ബ്രിട്ടീഷ് പൗരന്മാരാണ് ആഷിൻ സിറ്റി ടൂറിസത്തിന്റെ ഭാഗമായി മെഡിസിറ്റിയിൽ എത്തിയത്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ സ്തനാർബുദ പരിശോധന നടത്തി**

ലോക കാൻസർദിനത്തോടനുബന്ധിച്ചു മാർ സ്ലീവാ മെഡിസിറ്റിയിൽ ബോധവത്കരണപ്രദർശനവും സൗജന്യ സ്തനാർബുദ പരിശോധന (ഐബ്രെസ്റ്റ്) ക്യാമ്പും നടത്തി. പ്രൊമോഷൻസ് & നഴ്സിംഗ് ഡയറക്ടർ റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സഹകരണത്തോടെ മർച്ചന്റ്സ് യൂത്ത് വിങ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.**

കൂത്താട്ടുകുളം മേരിഗിരി പബ്ലിക് സ്കൂളിൽ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സഹകരണത്തോടെ മർച്ചന്റ്സ് യൂത്ത് വിങ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂറോളജി, റുമറ്റോളജി, എൻഡോക്രൈനോളജി, ഓർത്തോപീഡിക്സ്, ന്യൂറോളജി, ജനറൽ മെഡിസിൻ, കാർഡിയോളജി, പൾമനോളജി, ഗ്യാസ്ട്രോളജി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ക്യാമ്പിൽ പങ്കെടുത്തവർക്കു ലഭ്യമായി.

**പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഡയറക്ടർമാർക്ക് യാത്രയയപ്പു നൽകി**

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഡയറക്ടർമാരായ റവ. ഫാ. ജോർജ് വേളൂപ്പറമ്പിലിനും റവ. ഫാ. ബിജു കുന്നക്കാട്ടിനും യാത്രയയപ്പു നൽകി. നഴ്സിംഗ്, ബ്രാൻഡിംഗ് & പ്രൊമോഷൻസ് വിഭാഗം ഡയറക്ടറായി രണ്ടു വർഷത്തോളം പ്രവർത്തിച്ച റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ

പ്രവിത്താനം ഫൊറോനാപ്പള്ളിയുടെ വികാരിയായാണ് സ്ഥലം മാറിപ്പോകുന്നത്. മൂന്നു വർഷം പൂർത്തിയാക്കുന്ന ഫിനാൻസ് & പർച്ചെയ്സ് വിഭാഗം ഡയറക്ടർ റവ. ഫാ. ബിജു കുന്നക്കാട്ട് അരുവിത്തുറ സെന്റ് ജോർജ് കോളേജ് ബർസാറുടെ ചുമതലയാണ് ഏറ്റെടുക്കുന്നത്.

## NEW DOCTORS (FEBRUARY)

1 ) ഡോ. ഏഞ്ചൽ അൽഫോൺസ് ജോയ് : രജിസ്ട്രാർ, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി

2) ഡോ. അനന്തകൃഷ്ണൻ ജെ. : റേഡിയോളജിസ്റ്റ്, റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്

3) ഡോ. ഹരികൃഷ്ണൻ എം. : റേഡിയോളജിസ്റ്റ്, റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

റൈറ്റ് റവ. ഷിമാൽബോസ് (ബറൈപൂർ രൂപത മെത്രാൻ)
റൈറ്റ് റവ. മൈക്കിൾ ഓൾസൺ (ഫോർട്ട് വോർത്ത് രൂപത മെത്രാൻ)
മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ് രൂപത സഹായമെത്രാൻ)
വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം രൂപത മെത്രാൻ)
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ (പാലക്കാട് രൂപത മെത്രാൻ)

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2023 ഫെബ്രുവരി 5 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അനുരഞ്ജനകൂദാശയും പരി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**ബഹു. വൈദികരുടെ സ്ഥലംമാറ്റം**

ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ റെക്ടർ എന്ന നിലയിലുള്ള കഴിഞ്ഞ നാലുവർഷത്തെ സേവനത്തിനുശേഷം പെരിയ ബഹു. ജോസ് വള്ളോംപുരയിടത്തിലച്ചൻ മണ്ണാറപ്പാറ സെന്റ് സേവ്യേഴ്സ് പള്ളിയുടെ വികാരിയായും സ്പിരിച്വൽ ഡയറക്ടർ എന്ന നിലയിലുള്ള കഴിഞ്ഞ ഒരു വർഷത്തെ സേവനത്തിനുശേഷം ബഹു. ജോൺ ചാവേലിലച്ചൻ അൽഫോൻസാപുരം സെന്റ് അൽഫോൻസാ പള്ളി വികാരിയായും നിയമിതരായി. 2023 ഫെബ്രുവരി 8 ബുധനാഴ്ച സ്ഥലംമാറിപ്പോകുന്ന ബഹു. വൈദികർക്ക് രൂപത സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് മലേപ്പറമ്പിലച്ചന്റെയും രൂപത

ചാൻസിലറായിരുന്ന പെരിയ ബഹു. ജോസ് കാക്കല്ലിലച്ചന്റെയും നേതൃത്വത്തിൽ യാത്രയയപ്പു നല്കി. 2023 ഫെബ്രുവരി 11 ശനിയാഴ്ച ഇരുവരും മേല്പറഞ്ഞ ഇടവകകളിൽ വികാരിക്കടുത്ത ശുശ്രൂഷസ്ഥാനം ഏറ്റെടുത്തു. നാളിതുവരെ ഇരുവൈദികരും തീർത്ഥാടനകേന്ദ്രത്തിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദി യോടെ ഓർക്കുന്നു. പുതിയ കർമ്മവീഥികളിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളി വികാരിയായിരുന്ന പെരിയ ബഹു. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അച്ചൻ തീർത്ഥാടനകേന്ദ്രത്തിന്റെ റെക്ടറായി ചുമതലയേറ്റു. ബഹുമാനപ്പെട്ട അച്ചന് തീർത്ഥാടനകേന്ദ്രത്തിലേക്കു ഹൃദ്യമായ സ്വാഗതം.

**മാർത്താണ്ഡം രൂപതയിലെ വൈദികരുടെ പരി. കുർബാനയർപ്പണം**

സീറോ മലങ്കരസഭയിലെ മാർത്താണ്ഡം രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ച് 2023 ഫെബ്രുവരി 17 വെള്ളിയാഴ്ച രാവിലെ 6.45 ന് രൂപതാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിലെ വൈദികരെല്ലാവരും ഒന്നുചേർന്ന് വി. അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

**രാത്രിയാരാധന**

വി. അൽഫോൻസ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടതിന്റെ വാർഷികദിനമായ 2023 ഫെബ്രുവരി 4 ശനിയാഴ്ച ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിലെ ഭരണങ്ങാനം അൽഫോൻസാജ്യോതി പ്രോവിൻസിന്റെ ആഭിമുഖ്യത്തിലും 2023 ഫെബ്രുവരി 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിലും വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു.

**പരീക്ഷാ ഒരുക്ക പ്രാർത്ഥനാശുശ്രുഷ**

വാർഷികപ്പരീക്ഷകൾക്കു തയ്യാറെടുക്കുന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി പരീക്ഷ ഒരുക്ക പ്രാർത്ഥനാശുശ്രുഷ 2023 ഫെബ്രുവരി 25 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ നടത്തപ്പെട്ടു. രാവിലെ 11 മണിക്കുള്ള വി. കുർബാനയോടെ ആരംഭിച്ച ശുശ്രൂഷ പരി. കുർബാനയുടെ ആരാധനയോടെ സമാപിച്ചു. ഭരണങ്ങാനം ഫൊറോന പള്ളി സഹ വികാരി ബഹു. അബ്രാഹം തകിടിയേലച്ചൻ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

**ജപമാലപ്രദക്ഷിണം**

2023 ഫെബ്രുവരി 25 ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് നടത്തിവരുന്ന ജപമാലപ്രദക്ഷിണത്തിന് ഭരണങ്ങാനം സെന്റ് മേരിസ് ഇടവകസമൂഹം നേതൃത്വം വഹിച്ചു. ഭരണങ്ങാനം ഫൊറോന പള്ളി വികാരി വെരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ടിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും സഹവികാരിമാരായ റവ. ഫാ. ജോസഫ് ഏഴുപറയിൽ, റവ. ഫാ. എബ്രഹാം തകടിയേൽ, റവ. ഫാ. മാത്യു പന്തിരുവേലിൽ, റവ. ഫാ. ജിബിൻ ആനിത്തോട്ടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണവും നടത്തപ്പെട്ടു. തുടർന്നുള്ള എല്ലാ ശനിയാഴ്ചകളിലെയും വിശുദ്ധ കുർബാനയും

ജപമാലപ്രദക്ഷിണവും പാലാ രൂപതയിലെ വിവിധ ഇടവകകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതായിരിക്കും.

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ്**

2022 – 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഫെബ്രുവരി മാസത്തിലെ ക്ലാസ്സുകൾ 11,18 എന്നീ തീയതികളിലായി നടത്തപ്പെട്ടു. Patrology എന്ന വിഷയത്തെ അധികരിച്ച് ഡോ. ജോൺ കണ്ണന്താനം ക്ലാസ്സുകൾ നയിച്ചു.

മാർച്ചുമാസത്തിലെ ക്ലാസ്സ് :

മാർച്ച് 11 ശനി – Theology of Religions – ഡോ. അലക്സ് പണ്ടാരക്കാപ്പിൽ

**2. സഭാതല പാഠപുസ്തകനവീകരണകമ്മിറ്റി യോഗം**

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തകനവീകരണകമ്മിറ്റി 2023 ഫെബ്രുവരി 21, 22 എന്നീ തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലും രൂപതയിൽനിന്നുള്ള രണ്ട് വിശ്വാസപരിശീലകരും പങ്കെടുത്തു.

**3. X, XI, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ**

X, XI, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ 2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ 2023 ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു വിതരണം ചെയ്തു.

**4. I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ 2023 മാർച്ച് 26-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷാസമയം :

Std I - VI : 11 AM - 1 PM

Std VII - IX : 2 PM- 4 PM

പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ 2023 മാർച്ച് 25-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.45 വരെയുള്ള സമയത്തു വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു വാങ്ങാവുന്നതാണ്.

**5. X-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

X -ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2023 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. സമ്മേളനത്തിൽവച്ച് X-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തപ്പെട്ടു.

**6. XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2023 മാർച്ച് 5-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടുന്നതാണ്. ഈ സമ്മേളനത്തിൽവച്ച് XII-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തപ്പെടുന്നതാണ്.

**7. തിരുബാലസഖ്യം 'എന്റെ ഡയറി' മത്സരം വിജയികൾ**

രൂപതാതലത്തിൽ തിരുബാലസഖ്യം അംഗങ്ങളായ കുട്ടികൾക്കായി നടത്തിയ 'എന്റെ ഡയറി' മത്സരത്തിൽ താഴെപ്പറയുന്നവർ സമ്മാനാർഹരായി:

I st നിതാ അന്ന നിക്സൺ, കാഞ്ഞിരമറ്റം
II nd അൽഫോൻസാ റ്റോംസൺ കളരിപ്പറമ്പിൽ, അറക്കുളം ന്യൂ
III rd ജോയൽ ജെയ്സ് കളത്തൂർ, മാവടി
IV th ഗോഡ്ലി തോമസ് തെക്കേൽ, കൈപ്പള്ളി
V th ഫിയോ ജി. പ്ലാശനാൽ

വിജയികൾക്ക് അഭിനന്ദനങ്ങൾ. വിശ്വാസപരിശീലനവാർഷികസമ്മേളനത്തിൽവച്ച് ഇവർക്കുള്ള സമ്മാനങ്ങൾ നൽകി. മത്സരത്തിൽ പങ്കെടുത്ത മറ്റെല്ലാ കുട്ടികൾക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകി.

**8. സ്കൂൾ മതബോധന - സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

2022 - 2023 അദ്ധ്യയനവർഷത്തിലെ സ്കൂൾ മതബോധന - സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2023 ജനുവരി 14-ാം തീയതി ശനിയാഴ്ച സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട്, സെന്റ് മേരീസ് എച്ച്.എസ്.എസ് അറക്കുളം എന്നീ നാലു കേന്ദ്രങ്ങളിലായി നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ജീവസ്വരം ബൈബിൾ കൺവെൻഷൻ**

ജനുവരി 27, 28, 29 തീയതികളിൽ മഞ്ചേരിയാൽ സോണിന്റേതായി ബെല്ലമ്പള്ളിയിൽവച്ചു നടന്ന സായാഹ്നകൺവെൻഷനിൽ പാലാ മിഷനിൽനിന്ന് മുന്നൂറിലധികം ആളുകൾ പങ്കെടുത്തു. കൺവെൻഷന്റെ ലിറ്റർജി സംബന്ധമായ കാര്യങ്ങൾ ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ പാലാ മിഷനിലെ വൈദികരും സിസ്റ്റേഴ്സും ചേർന്ന് നടത്തി. കൺവെൻഷന് ഒരുക്കമായി ജനുവരി 15 വൈകുന്നേരം പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ചേർന്ന് ആരാധന നടത്തി. അഭിവന്ദ്യ പ്രിൻസ് ആന്റണി പിതാവ് കൺവെൻഷൻ നയിച്ചു.

**2. മിഷൻ ദർശൻ**

ജനുവരി 16 മുതൽ 19 വരെ ഫാ. മാത്യു പുതിയിടത്ത്, ഫാ. ഫ്രാൻസിസ് മാട്ടേൽ, ഫാ. ജോസഫ് കൈതോലിൽ എന്നിവർ FDSHJ സിസ്റ്റേഴ്സിന്റെകൂടെ

ജഗദൽപൂർ, ഛാന്ദ രൂപതകളിലെ അവരുടെ മഠങ്ങളും മറ്റു മിഷൻ കേന്ദ്രങ്ങളും, നാരായണൻപൂരിലെ ആക്രമിക്കപ്പെട്ട പള്ളിയും സന്ദർശിച്ചു പ്രാർത്ഥിച്ചു. മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിനെയും സന്ദർശിച്ചു.

**3. ഏകദിനപ്രാർത്ഥന**

ജനുവരി 20 ന് രൂപതയുടെ എഫ്ഫാത്ത ധ്യാനകേന്ദ്രത്തിൽ ഏകദിന ഉപവാസ പ്രാർത്ഥന ഫാ. മാത്യു പുതിയിടത്തു നയിച്ചു. നോയമ്പിന് ഒരുക്കമായി ഫെബ്രുവരി 19 ഞയറാഴ്ച വെങ്കിട്ടപുരം പള്ളിയിൽ ഫാ. അനീഷ് സി.എം.ഫ്. സന്ദേശം നൽകി വിശുദ്ധ കുർബാന അർപ്പിച്ചു.

**4. തീർത്ഥയാത്ര**

ഫെബ്രുവരി 15, 16 തീയതികളിൽ മന്നഗുഡം മിഷൻ സെന്ററിൽനിന്നു വിശ്വാസികളും സിസ്റ്റേഴ്സും അച്ചന്മാരും ചേർന്ന് 21 പേർ വിജയവാഡ ഗുണതല മാതാ തീർത്ഥാടനകേന്ദ്രവും ഏലൂരിൽ നിർമലമാതാ തീർത്ഥാടനകേന്ദ്രവും സന്ദർശിച്ചു പ്രാർത്ഥിച്ചു.

**5. മിഷൻസന്ദർശനം**

ജനുവരി 3-6 ഗുജറാത്ത് മിഷനിൽനിന്ന് ഫാ. പോൾ പാറപ്ലാക്കൽ പാലാ മിഷനിൽ സന്ദർശനം നടത്തി. ജനുവരി 26 ന് ഷംഷാബാദ് രൂപതയുടെ മിഷൻ സെന്ററുകളിൽ ശുശ്രൂഷ ചെയ്യുന്ന തൃശൂർ രൂപതക്കാരായ ഫാ. ഡൻസ്റ്റൻ ഒലക്കാങ്കിൽ, ഫാ. അജിത് കൊള്ളന്നൂർ, ഫാ. അനീഷ് കൂനംപ്ലാവ് എന്നിവർ ഫാ. സ്റ്റീഫൻ കൂളായോടൊപ്പം (CMI) പാലാ മിഷൻ സന്ദർശിച്ചു.

ഫെബ്രുവരി 3-5 തീയതികളിൽ ഫാ. മാത്യു പുതിയിടത്തിന്റെ ജ്യേഷ്ഠ സഹോദരൻ ജോർജും കുടുംബാംഗങ്ങളായ റോസമ്മ ജോർജ്, ഡെന്നി വലരിയിൽ, ജിൻസി ഡെന്നി, ആൻ മെറിൻ ഡെന്നി എന്നിവരും പാലാ മിഷൻ സന്ദർശിച്ചു. ഫെബ്രുവരി 19 ന് ഫാ. അനീഷ് സിഎംഫ്. പാലാ മിഷൻ സന്ദർശിച്ചു.

ഫെബ്രുവരി 17—22 തീയതികളിൽ LAR Delegate Superior Sr. Mareena പാലാ മിഷൻ സന്ദർശിച്ചു.

**6.** നോയമ്പിനു ഒരുക്കമായി എല്ലാ സെന്ററുകളിലും വിഭൂതിത്തിരുനാൾ നടത്തി

**7. നന്ദിയും അഭിനന്ദനങ്ങളും**

ഈ നാളുകളിൽ പാലാ മിഷനെ പ്രാർത്ഥനയിലുടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. റീജണൽ പ്രെസ്ബിത്തേരിയം**

റീജണൽ പാസ്റ്ററൽ കൗൺസിലിനു മുന്നോടിയായി റീജണൽ പ്രെസ്ബിത്തേരിയം നടത്തപ്പെട്ടു. ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റീജണിലെ മുഴുവൻ വൈദികരും സന്നിഹിതരായിരുന്നു.

**2. വിഭൂതി**

വിഭൂതിത്തിരുന്നാളിനോടനുബന്ധിച്ച് ബറൂച്ച് സെന്റ് തോമസ് പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**3. റീജണൽ പാസ്റ്ററൽ കൗൺസിൽ**

ഗുജറാത്ത് റീജണിലെ ആദ്യത്തെ റീജണൽ പാസ്റ്ററൽ കൗൺസിൽ യോഗം ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച മനേജായിൽ വച്ച് നടത്തപ്പെട്ടു. യോഗത്തിൽ ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റീജണിലെ മുഴുവൻ വൈദികരും റീജണൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

**4. മെത്രാഭിഷേകം**

ബറോഡാ ബിഷപ്പായി പുതുതായി നിയമിക്കപ്പെട്ട ബിഷപ് സെബാസ്റ്റിയോ മസ്കരേനാസ് SFX ന്റെ മെത്രാഭിഷേകച്ചടങ്ങിൽ ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിലും ബറോഡാ സോണിലെ വൈദികരും പങ്കുചേർന്നു.

**5. സെന്റ് തോമസ് ചർച്ച്, സോളാ, അഹമ്മദാബാദ്**

വി. സെബസ്ത്യനോസിന്റ തിരുനാൾ നടത്തി. തിരുനാളിനോടാനുബന്ധിച്ചു കഴുന്നുകൾ വീടുകളിലേക്കു കൊണ്ടുപോയി. ബഹു. പോൾ പാറപ്ലാക്കൽ അച്ചൻ തിരുനാൾ കുർബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു. സ്നേഹവിരുന്നും ഉണ്ടായിരുന്നു. വിശ്വാസപരിശീലനം പൂർത്തിയാക്കിയ 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പു നൽകി. ബോർഡ് പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. മാതൃസംഘം കുട്ടികൾക്കു സമ്മാനങ്ങൾ കൊടുത്തു.

**6. സെന്റ് മേരീസ് ചർച്ച്, തൽത്തേജ്, അഹമ്മദാബാദ്**

വി. സെബസ്ത്യാനോസിന്റ തിരുനാൾ നടത്തി. തിരുനാളിനോടനുബന്ധിച്ചു കഴുന്നുകൾ വീടുകളിലേക്കു കൊണ്ടുപോയി. ബഹു. മാത്യു പാലക്കാട്ടുകുന്നേൽ അച്ചൻ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

യുവജനങ്ങളുടെ നേതൃത്വത്തിൽ നോമ്പുകാലത്തു മദർ തെരേസ ഹോം (ഓർഫനേജ്) സന്ദർശിച്ചു സഹായങ്ങൾ നൽകുകയും കുട്ടികൾക്കുവേണ്ടി വിവിധ പരിപാടികൾ നടത്തുകയും ചയ്തു.

**7. സെന്റ് അൽഫോൻസാ കുർബാന സെന്റർ, ആനന്ദ് - കരംസദ്**

വി. സെബസ്ത്യാനോസിന്റ തിരുനാളിനോടനുബന്ധിച്ചു കഴുന്നുകൾ ആനന്ദിലെയും കരംസദിലെയും ഭവനങ്ങളിലേക്ക് എഴുന്നള്ളിച്ചുകൊണ്ടുപോവുകയും ഭവനങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ഫെബ്രുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 12 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ഫെബ്രുവരിമാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**ചെറുപുഷ്പമിഷൻലീഗ് ദേശീയതല പ്ലാറ്റിനം ജൂബിലിസമാപനം**

2023 ജനുവരി 29 ഞായറാഴ്ച തക്കലയിൽവച്ചു നടന്ന ചെറുപുഷ്പ മിഷൻലീഗ് ദേശീയതല പ്ലാറ്റിനം ജൂബിലി സമാപനത്തിൽ ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത വൈസ് ഡയറക്ടർ സിസ്റ്റർ മോനിക്ക S.H ന്റെ നേതൃത്വത്തിൽ പാലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ ജോബിൻ റ്റി ജോണി, ശ്രീ ജിസ്മോൻ തുടിയൻപ്ലാക്കൽ, ശ്രീ സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ, ശ്രീ അമൽ ജോർജ്, ശ്രീ ബെന്നി മുത്തനാട്ട്, ശ്രീമതി ഷൈനി ജോസഫ് എന്നിവർ പങ്കെടുത്തു.

**ശ്രീ ബിനോയി പള്ളിപ്പറമ്പിൽ ചെറുപുഷ്പ മിഷൻലീഗ് അന്തർദേശീയ ജനറൽ സെക്രട്ടറി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗവും സംഘടനയുടെ ദേശീയ പ്രസിഡന്റുമായ ശ്രീ ബിനോയ് പള്ളിപ്പറമ്പിൽ ചെറുപുഷ്പ മിഷൻലീഗ് അന്തർദേശീയ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

**സെക്രട്ടറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ ഫെബ്രുവരിമാസത്തെ സെക്രട്ടറിയേറ്റ് യോഗങ്ങൾ 5, 11 തീയതികളിൽ നടന്നു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ഫെബ്രുവരി മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 5 ഞായറാഴ്ച അരുവിത്തുറയിൽ വച്ചുനടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 5 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 5 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 4 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 5 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 5 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 5 ഞായറാഴ്ച നടന്നു.

ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ **(ഡയറക്ടർ)**

---

# കെ.സി.എസ്.എൽ.

---

**1. എക്സിക്യൂട്ടീവ് മീറ്റിംഗും യാത്രയയപ്പും**

ഫെബ്രുവരി 9 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് പ്രസിഡന്റ് ജിജോ മാത്യുവിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഫെബ്രുവരി 14 ന് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് നടത്തേണ്ട കെ.സി.എസ്.എൽ. വാർഷികാഘോഷങ്ങളെക്കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു.

കഴിഞ്ഞ ഒരു വർഷക്കാലമായി കെ.സി.എസ്.എൽ.നുവേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്ത ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന് എക്സിക്യൂട്ടീവംഗങ്ങൾ യാത്രാമംഗളങ്ങൾ ആശംസിച്ചു. പ്രസിഡന്റ് ജിജോ മാത്യു, സ്റ്റുഡന്റ്സ് ചെയർമാൻ ലിയോ സ്റ്റീഫൻ മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. 3.30 ന് മീറ്റിംഗ് സമാപിച്ചു.

**2. സ്വാഗതം ആശംസിച്ചു**

ഫെബ്രുവരി 11 ശനിയാഴ്ച കെ.സി.എസ്.എൽ. ന്റെ പുതിയ ഡയറക്ടറായി നിയമിതനായ ജേർജ്ജ് പുല്ലുകാലായിൽ അച്ചന് കെ.സി.എസ്.എൽ പ്രസിഡന്റ് ജിജോ മാത്യു പൂച്ചെണ്ട് നൽകി സ്വീകരിച്ചു.

**3. കെ.സി.എസ്.എൽ. ആനിവേഴ്സറി**

കെ.സി.എസ്.എൽ ന്റെ 2022-23 വർഷത്തെ വാർഷികാഘോഷങ്ങൾ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് ഫെബ്രുവരി 14 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1.40 മുതൽ 4.00 മണിവരെ നടത്തപ്പെട്ടു. പാലാ രൂപത കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സജി മോൻ പി. മാത്യു സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ജിജോ മാത്യു റിപ്പോർട്ട് അവതരണവും ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആമുഖപ്രസംഗവും, ഫാ. ജോർജ്ജ് പുല്ലുകാലായിൽ അനുഗ്രഹപ്രഭാഷണവും നടത്തി. സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ മാത്യു എം. കുര്യാക്കോസ്, ഹെഡ്മാസ്റ്റർ ശ്രീ ജോർജ്ജുകുട്ടി കാവുകാട്ട് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. 2022-23 വർഷം നടത്തിയ മത്സരങ്ങളുടെ സമ്മാനവിതരണവും, സ്റ്റേറ്റ് കലോത്സവത്തിന്റെ സമ്മാനവിതരണവും അന്നേദിവസം നടത്തി. ശ്രീമതി അന്നമ്മ ജോസഫിന്റെ കൃതജ്ഞതയോടെ മീറ്റിംഗ് അവസാനിച്ചു.

കെ.സി.എസ്.എൽ. സ്റ്റേറ്റ് കലോത്സവത്തിൽ സെക്കന്റ് നേടിയ ചെമ്മല മറ്റം എൽ.എഫ്.എച്ച്.എസിലെ കുട്ടികൾ അവതരിപ്പിച്ച ചവിട്ടുനാടകം പ്രത്യേകം ശ്രദ്ധയാകർഷിച്ചു.

**4. ആദരിച്ചു**

കെ.സി.ബി.സിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ 2022-23 വർഷത്തെ മികച്ച ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനുള്ള അവാർഡ് കരസ്ഥമാക്കിയ ശ്രീ മാത്യു എം. കുര്യാക്കോസ് സാറിനെ (സെന്റ് തോമസ് എച്ച്.എസ്.എസ്, പാലാ) കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം പൊന്നാട അണിയിച്ച് ആദരിച്ചു.

**5. കളരി**

കെ.സി.എസ്.എൽ. പ്രസിദ്ധീകരണമായ കുട്ടികളുടെ മാഗസിൻ കളരിയുടെ മൂന്നാം ലക്കം വിതരണം നടത്തി.

**6. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫെബ്രുവരി 21 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ 5.00 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസിഡന്റ് ജിജോ മാത്യുവിന്റെ അദ്ധ്യക്ഷത യിൽ ഡയറക്ടർ ഫാ. ജോർജ്ജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ എക്സി ക്യൂട്ടീവ് മീറ്റിംഗ് കൂടി. അവധിക്കാലത്തു നടത്തേണ്ട ക്യാമ്പിനെക്കുറിച്ച് ചർച്ച ചെയ്തു. അടുത്ത വർഷം നടത്തേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയുടെ തയ്യാ റെടുപ്പുകൾ നടത്തി. കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ എൽ.പി. വിഭാഗ ത്തിൽക്കൂടി നടത്തേണ്ടതിനെക്കുറിച്ചു ചർച്ചചെയ്തു. സ്കൂളുകളിൽ സെമിനാ റുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും പ്രവർത്തനോദ്ഘാടനം എല്ലാ സ്കൂളു

കളിലും നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാസത്തിലൊരിക്കൽ സ്കൂളുകളിൽ കെ.സി.എസ്.എൽ. കുട്ടികൾ ഒന്നിച്ചുകൂടി മീറ്റിംഗ് നടത്തേണ്ടതിനെക്കുറിച്ചും ചർച്ചചെയ്തു.

**7. മെമെന്റോ നൽകി ആദരിച്ചു**

കെ.സി.എസ്.എൽ. നുവേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്ത ടീച്ചേഴ്സ് എക്സിക്യൂട്ടീവംഗമായ സി. എൽസൺ എഫ്.സി.സിയെ (എൽ.എഫ്. എച്ച്.എസ്, ചെമ്മലമറ്റം) ഫാ. ബർക്കുമാൻസ് കുന്നുംപുറം മെമെന്റോ നൽകി ആദരിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**മൂന്നു നോമ്പ് തിരുന്നാൾ**

മൂന്നു നോമ്പിൽ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ദേവാലയത്തിൽ പാലാ രൂപതാസമിതി അംഗങ്ങൾ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും പകലോമറ്റം തറവാടുപള്ളിയിൽ അർക്കദിയോക്കൻമാരുടെ കബറിടങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ബൈബിൾ റാലി**

മതേതരകേരളത്തിന്റെ അന്തരീക്ഷം മലിനമാക്കുന്ന വർഗ്ഗീയശക്തിക്കെതിരേ ബൈബിൾ റാലിയും ബൈബിൾ പാരായണവും ഫൊറോന യൂണിറ്റ് തലത്തിൽ നടത്താൻ ആഹ്വാനം ചെയ്തു.

**ഇലക്ഷൻ – എസ്.എം.വൈ.എം. ഗ്ലോബൽ**

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ചു നടന്ന എസ്.എം.ഐ.എം. ഗ്ലോബൽ ഇലക്ഷനിൽ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ പങ്കെടുത്തു. പാലാ കത്തീഡ്രൽ ഇടവകാഗം അഡ്വ. സാം സണ്ണി എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**സ്വീകരണം നൽകി**

ഗ്ലോബൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. സാം സണ്ണിക്കും രൂപത ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസിക്കും സ്വീകരണം നൽകി.

**രക്തദാനം**

മെഡിസിറ്റി, കാരിത്താസ് മെഡിക്കൽ കോളേജ് തുടങ്ങിയ വിവിധ ഹോസ്പിറ്റലുകളിലായി 30 യൂണിറ്റ് രക്തം ദാനം നടത്തി.

**KSRTC ബസ്സ് ക്ലീനിങ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും എസ്.എം.വൈ.എം. രാമപുരം ഫൊറോനായുടെയും രാമപുരം യൂണിറ്റിന്റെയും കാട്ടാമ്പാക്ക് യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പാലാ KSRTC ഡിപ്പോയിലെ ബസ്സുകൾ കഴുകി വൃത്തിയാക്കി. 10 ബസ്സുകൾ അമ്പതോളം വരുന്ന പാലാ രൂപതയിലെ യുവജനങ്ങൾ കഴുകി വൃത്തിയാക്കി.

**45-ാമത് കെ.സി.വൈ.എം. സംസ്ഥാനവാർഷിക സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്തു**

തിരുവനന്തപുരം മലങ്കര മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ തിരുവനന്തപുരം മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽവച്ച് ഫെബ്രുവരി 17,18,19 തീയതികളിലായി നടത്തപ്പെട്ട വാർഷികസെനറ്റിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, സെക്രട്ടറി ആൽഫി ഫ്രാൻസീസ്, ജോയിന്റ് സെക്രട്ടറി മെർലിൻ സാബു, സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പേഴ്സ് ജിയോ റോയി, റിയ തെരേസ ജോർജ്, ഗ്രീഷ്മ ജോയൽ എന്നിവർ പങ്കെടുത്തു.

**വെബിനാർ**

'മാതൃഭാഷയും ഇതരഭാഷകളും' വെബിനാർ സംഘടിപ്പിച്ചു. ഡോക്ടർ മിനി സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. രൂപതയിലെ നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**സിസ്റ്റർ ആനിമേറ്റേഴ്സ് മീറ്റിംഗ്**

SMYM യൂണിറ്റ്, ഫൊറോനാ - രൂപത, സിസ്റ്റർ ആനിമേറ്റേഴ്സ് മീറ്റ് നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ഫാ. സെബാസ്റ്റ്യൻ വേത്താനം, രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് തോമസ്, രൂപത ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി. എന്നിവർ നേതൃത്വം നൽകി.

**ഫൊറോന ഡയറക്ടറുമാരുടെ മീറ്റിംഗ്**

പതിനേഴ് ഫൊറോനകളിലേയും ഡയറക്ടർമാരുടെ മീറ്റിംഗ് പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. പെരിയ ബഹു. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**വിൻസെന്റ് അച്ചനു യാത്രാമംഗളങ്ങൾ**

കഴിഞ്ഞ ഒരു വർഷത്തിലേറെയായി ജീസസ് യൂത്ത് പാലാ സോണിനെ കൂടെ നിന്നു നയിച്ച ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പുതിയ ശുശ്രൂഷ ഉത്തരവാദിത്വത്തിലേക്കു നിയമിക്കപ്പെട്ടു. ഏറെക്കാലം പാലാ ജീസസ് യൂത്തിന്റെ ഡയറക്ടറായി കൂടെ നടന്ന്, ഒരുപാട് സ്നേഹിക്കുകയും നയിക്കുകയും ചെയ്ത്, ആത്മീയമായി ഞങ്ങൾക്കു വഴികാട്ടിയുമായിരുന്ന വിൻസെന്റ് അച്ചന് എല്ലാവിധ ആശംസകളും പ്രാർഥനകളും നേരുന്നു.

**നവവൈദികർക്ക് ആശംസാസമ്മേളനം**

പാലാ ജീസസ് യൂത്തിൽനിന്നും വൈദികരായ ഫാ. മാത്യു കണിയാംപടി, ഫാ. ജോസെഫിൻ മൂക്കൻതോട്ടം, ഫാ. ബെബിൻ ഈറ്റയാങ്കൽ എന്നീ നവവൈദികർക്ക് ആശംസകൾ അർപ്പിക്കുന്നതിനായി സോണൽ ഗാതറിങ് നടത്തപ്പെട്ടു.

2023 ഫെബ്രുവരി 3-ാം തീയതി വൈകുന്നേരം 6.30 ന് പരിശുദ്ധ കുർബാനയോടെ ആരംഭിച്ച് രാത്രി 10 മണിക്ക് അത്താഴത്തോടെ പിരിഞ്ഞ പ്രോഗ്രാമിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അധ്യക്ഷത വഹിച്ചു. ഫാ. സന്തോഷ് OFM, ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ, സി. ലിസ് മരിയ സി.എം.സി., അമല ട്രീസ ജെയിംസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. നൂറോളം പേർ പ്രോഗ്രാമിൽ പങ്കെടുത്തു.

**നൈറ്റ് വിജിൽ**

ജീസസ് യൂത്ത് പാലാ എല്ലാ ആദ്യവെള്ളിയാഴ്ചകളിലും നടത്തിവന്നിരുന്ന സോണൽ നൈറ്റ് വിജിൽ ഫെബ്രുവരി 3 നു രാത്രി 10.30 മുതൽ 4-ാം തീയതി രാവിലെ 6 മണിവരെ നടത്തപ്പെട്ടു. സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ രാത്രി മുഴുവൻ ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച പ്രാർഥനക്കൂട്ടായ്മയിൽ 30 പേരോളം പങ്കെടുത്തു.

**മീഡിയ ട്രെയിനിങ്**

പാലാ ജീസസ് യൂത്ത് മീഡിയ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 10 വൈകുന്നേരംമുതൽ 12 ന് ഉച്ചവരെ പാലാ കാർമ്മൽ സ്കൂളിൽ വച്ച് MEDIA WORKSHOP നടത്തി. ഡിജിറ്റൽ ഇവാഞ്ചലൈസേഷന്റെ ഭാഗമായി PHOTOSHOP, VIDEO EDITING, PHOTO EDITING തുടങ്ങിയവയിൽ ക്ലാസുകൾ എടുത്തു. മാത്യൂസ് പി. മാത്യു, ജെഫ് ജെറി തുടങ്ങിയവരാണ് നേതൃത്വം നല്കിയത്.

**നാർദിൻ - പാരിഷ് ലീഡേഴ്സ് ഫോളോ അപ്പ്**

ഇടവകകളിലെ ജീസസ് യൂത്ത് നേതൃത്വങ്ങൾക്കായി പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ നാർദിൻ എന്ന പേരിൽ ഫെബ്രുവരി 18-ാം തീയതി പാലായിൽ നിന്നു മൂലമറ്റം തുമ്പച്ചിമലയിലേക്ക് ട്രിപ്പ് പോയി. പതിനഞ്ചോളം പേർ പങ്കെടുത്ത യാത്രയിൽ ജെയിംസ് ചൊവ്വേലിക്കുടിയിൽ അച്ചനും, പാരിഷ് കോർഡിനേറ്റർ ജിബിൻ ജോസഫും ഇടവകകളിലെ സുവിശേഷവത്കരണത്തെപ്പറ്റി സംസാരിച്ചു.

**പുതിയ കേരള കൗൺസിൽ**

ജീസസ് യൂത്തിന്റെ പുതിയ കേരള റീജിയണൽ കൗൺസിലിന്റെ തിരഞ്ഞെടുപ്പിനായി ഫെബ്രുവരി 10 വൈകുന്നേരംമുതൽ 12 ന് ഉച്ചവരെ ആലുവ നിവേദിതയിൽവച്ച് കേരള അസ്സംബ്ലി നടത്തപ്പെട്ടു. 2023-2025 പ്രവർത്തന വർഷത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട പുതിയ കേരള ടീമിൽ പാലായിൽനിന്ന് അമല ട്രീസ ജെയിംസ്, ആൽബിൻ ജോസഫ് തുടങ്ങിയവരും തിരഞ്ഞെടുക്കപ്പെട്ടു.

**റെഗുലർ കമ്മിറ്റ്മെന്റ് എടുത്തു**

ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സുകൾ പൂർത്തിയാക്കിയവർക്കായി ജീസസ് യൂത്ത് ഫോർമേഷൻ കോട്ടയം ബേസ് ടീം നടത്തിയ കമ്മിറ്റ്മെന്റ് സെറമണിയിൽ പാലായിൽനിന്ന് 7 പേർകൂടി ജീസസ് യൂത്ത് മൂവ്മെന്റിനോടും സഭയോടും പ്രതിബദ്ധത അറിയിച്ചുകൊണ്ട് കമ്മിറ്റ്മെന്റ് എടുത്തു.

**പ്രോലൈഫ് എക്സിബിഷൻ**

2023 ഫെബ്രുവരി 22 നു പാലാ അൽഫോൻസാ കോളേജിൽവച്ച് ജീസസ് യൂത്ത് പാലാ പ്രോലൈഫ് ടീമിന്റെ നേതൃത്വത്തിൽ എക്സിബിഷൻ നടത്തപ്പെട്ടു.

ജീവന്റെ മൂല്യം ഉയർത്തിക്കാണിച്ച ഈ എക്സിബിഷനിൽ മുന്നൂറോളം കുട്ടികൾ പങ്കെടുത്തു. അൽഫോൻസാ കോളേജ് പ്രിൻസിപ്പാൾ സി. റെജീനാമ്മ ജോസഫ് രാവിലെ 9.30 ഓടെ പ്രദർശനം ഉദ്ഘാടനം ചെയ്തു. പാലാ പ്രോലൈഫ് ടീം കോർഡിനേറ്റർ ഡോൺ ജോസഫ്, ജോനസ്, അൽഫോൻസ കോളേജ് ജീസസ് യൂത്ത് അംഗങ്ങൾ തുടങ്ങിയവരാണ് നേതൃത്വം നല്കിയത്.

**പുതിയ ഡയറക്ടർ**

2023 ഫെബ്രുവരി 11-ാം തീയതി ജീസസ് യൂത്ത് പാലായുടെ പുതിയ ഡയറക്ടറായി ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി ശുശ്രൂഷ ആരംഭിച്ചു. പാലാ ജീസസ് യൂത്ത് സോണൽ കൗൺസിൽ അംഗങ്ങൾ ബഹുമാനപ്പെട്ട അച്ചനെ കണ്ട് ആശംസകൾ അറിയിച്ചു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജനുവരി 30-1, ഫെബ്രുവരി 13-15, 27-1** തീയതികളിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 170 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മാർച്ച് 27-29 ഏപ്രിൽ 3-5, 17-19** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജനുവരി, ഫെബ്രുവരി മാസത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, Rtd. Prof. ആൻസി ജോർജ് എന്നിവർ ക്ലാസ്സെടുത്തു. മീറ്റിംങ്ങിൽ 280 മാതാപിതാക്കന്മാർ സംബന്ധിച്ചു.

**4. യാത്രാമംഗളം**

ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി മൂന്നു വർഷക്കാലം സേവനം ചെയ്ത റവ. ഡോ. ജോസ് കുറ്റിയാങ്കൽ ഫെബ്രുവരി 11-ാം തീയതി പാലാ രൂപത ചാൻസലറായി നിയമിതനായി. അച്ചന് ഫാമിലി അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾ യാത്രാമംഗളവും പ്രാർത്ഥനാശംസകളും നേർന്നു.

**5. പുതിയ ഡയറക്ടർ**

ഫെബ്രുവരി 11-ാം തീയതി ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി റവ. ഫാ. ജോസഫ് നരിതൂക്കിൽ ചുമതലയേറ്റു. അച്ചന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ ഹാർദ്ദമായ സ്വീകരണം നൽകി.

**B. സന്തുഷ്ടകുടുംബപദ്ധതി**

2000-മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക

സഹായം (ഫെബ്രുവരി മാസത്തിലേത്) 5-ാം തീയതി ബാങ്ക് ട്രാൻസഫർവഴി നല്കി.

## C. പിതൃവേദി

### 1. രൂപതാസമിതി

ഫെബ്രുവരി 8-ാം തീയതി വൈകുന്നേരം 4 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പ്രസ്തുത യോഗത്തിൽ കുറ്റിയാങ്കൽ അച്ചന് യാത്രാ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുകയും ചെയ്തു.

### 2. ആദരിക്കൽ

ഫെബ്രുവരി 17-ാം തീയതി പിതൃവേദി അരുവിത്തുറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പിതൃവേദി മുതിർന്ന അംഗങ്ങളെ ആദരിച്ചു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, അരുവിത്തുറ വികാരി വെരി റവ. ഫാ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ, രൂപത പ്രസിഡന്റ് ജോസഫ് വടക്കേൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### 3. ഫാമിലി മീറ്റ്

ഫെബ്രുവരി 18-ാം തീയതി തീക്കോയി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫാമിലി മീറ്റ് നടത്തപ്പെട്ടു. എൺപതോളം ആളുകൾ പങ്കെടുത്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, വികാരി റവ. ഡോ. തോമസ് മേനാച്ചേരി, അസിസ്റ്റന്റ് വികാരി റവ. ഫാ. മാത്യു കാടംകാവിൽ, രൂപത പ്രസിഡന്റ് ജോസഫ് വടക്കേൽ, രൂപത സെക്രട്ടറി ജോസഫ് മുത്തനാട്ട് തുടങ്ങിയവർ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സ്നേഹവിരുന്ന് ഉണ്ടായിരുന്നു.

## D. മാതൃവേദി

### 1. അന്തർദേശീയ ഇലക്ഷൻ

ജനുവരി 24 ന് സീറോ മലബാർ അന്തർദേശീയ മാതൃവേദിയുടെ ഇലക്ഷൻ പാലക്കാട് യുവക്ഷേത്ര കോളേജിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാ ഭാരവാഹികളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

### 2. രൂപത എക്സിക്യൂട്ടീവ്

ഫെബ്രുവരി 7-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പ്രസ്തുത യോഗത്തിൽ കുറ്റിയാങ്കൽ അച്ചന് യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു.

## E. പ്രോലൈഫ്

### 1. മീറ്റിങ്

ഫെബ്രുവരി 7-ാം തീയതി 4 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു. പ്രോലൈഫ് രൂപതാസമിതി അംഗങ്ങൾ അച്ചന് യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു.

### F. സീറോ മലബാർ പാലാ മാട്രിമണി

#### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം പേമെന്റ് നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

#### 2. പുതിയ സൈറ്റ്

സീറോ മലബാർ മാട്രിമണിയുടെ പുതിയ മാട്രിമണി സൈറ്റ് നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നതിന്റെ ഭാഗമായി ഫെബ്രുവരി 4-ാം തീയതി നടന്ന മീറ്റിങ്ങിൽ പാലായിലെ അംഗങ്ങൾ പങ്കെടുത്തു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ് , നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321

### H. മംഗല്യനിധി

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ഫെബ്രുവരി മാസത്തിൽ തിരുമാറാടി ഇടവകകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

#### നവവൈദികർക്കു സ്വീകരണം

ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച പാലാ രൂപത വൈദികർക്കു സ്വീകരണം നല്കി. രാമപുരം സെന്റ് അഗസ്റ്റ്യൻ പാരിഷ് ഹാളിൽ കൂടിയ സ്വീകരണസമ്മേ

ളനത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലക്സ്, ആൻസമ്മ സാബു തുടങ്ങിയവർ ആശംസകൾ അറിയിച്ചു സ്വീകരിച്ചു. ഈ വർഷം 16 പേരാണ് തിരുപ്പട്ടം സ്വീകരിച്ചത്. എല്ലാവർക്കും സമ്മാനങ്ങൾ നല്കി.

**രൂപത കമ്മിറ്റി**

രൂപത കമ്മിറ്റി പ്രസിഡന്റ് എമ്മാനുവൽ ജോൺ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്ന് റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലക്സ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു, റ്റോമി കണ്ണീറ്റുമ്യാലിൽ, എഡ്വിൻ പാപ്പാറ തുടങ്ങിയവർ സംസാരിച്ചു. സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ പോസ്റ്റർ ഡിസൈനിന്റെ വിജയികളെ പ്രഖ്യാപിച്ചു.

**സായാഹ്നധർണ**

കാർഷികമേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കണമെന്ന് ആവിശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കോട്ടയത്ത് സായാഹ്നധർണ നടത്തി. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിലിനോടൊപ്പം രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ നേതൃത്വത്തിൽ രൂപത, ഫൊറോന ഭാരവാഹികൾ ധർണയിൽ പങ്കെടുത്തു.

**പോസ്റ്റർ ഡിസൈനിങ് മത്സരം**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെയും വനിതാ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ 'കാമ്പയിൻ എഗൈൻസ്റ്റ് നാർകോട്ടിക്' (CAN) എന്ന വിഷയത്തെ ആസ്പദമാക്കി 8 മുതൽ 12 വരെ ക്ലാസുകളിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ സംസ്ഥാന, രൂപതാതല പോസ്റ്റർ ഡിസൈനിങ് മത്സരത്തിലെ വിജയികൾ.

സംസ്ഥാനതല വിജയികൾ
മൂന്നാംസ്ഥാനം - തെരേസ ജോസ് ചന്ദ്രപുരയിൽ, കോതനല്ലൂർ
നാലാംസ്ഥാനം - ജിബിൻ ജെയ്സൺ പ്ലാമ്പറമ്പിൽ, രാമപുരം
പ്രോത്സാഹനസമ്മാനങ്ങൾ - എലിസബത്ത് ചാക്കോ, വാട്ടത്ത് തുണ്ടത്തിൽ, കോതനല്ലൂർ

രൂപതാതല വിജയികൾ
ഒന്നാംസ്ഥാനം - തെരേസ ജോസ് ചന്ദ്രപുരയിൽ, കോതനല്ലൂർ
രണ്ടാംസ്ഥാനം - ജിബിൻ ജെയ്സൺ പ്ലാമ്പറമ്പിൽ, രാമപുരം
മൂന്നാംസ്ഥാനം - എലിസബത്ത് ചാക്കോ വാട്ടത്ത് തുണ്ടത്തിൽ, കോതനല്ലൂർ

പ്രോത്സാഹനസമ്മാനങ്ങൾ
1. അലീന ബിനോയി മുട്ടുതാഴത്ത്, കോതനല്ലൂർ
2. ജെസ്ന മരിയ ജോർജ് വാഴക്കൽ, പൈക്കാട് (മണ്ണയ്ക്കനാട്)
3. റീന സുനിൽ വെള്ളാക്കൽ, ജയ്ഗിരി

4. സിനി ജിൻ സിജു ജോർജ് മ്യാലുമടത്തിൽ, കോതനല്ലൂർ
5. അലൻ സിറിയക് മുണ്ടുമൂഴിക്കര, കോതനല്ലൂർ

**അടുക്കളത്തോട്ടമത്സരം 2022**

രൂപതാതല മത്സരത്തിൽ അർഹരായവർ

കൂട്ടിക്കൽ ഫൊറോന
1. റോസമ്മ ജോസ് എടാട്ട്, മലയിഞ്ചിപ്പാറ
2. മാത്യു ചുള്ളിക്കൽ, കൂട്ടിക്കൽ

തീക്കോയി ഫൊറോന
1. ജോജോ ജോസഫ് തുണ്ടത്തിൽ, വെള്ളികുളം
2. റ്റോമി പി.എസ്. നെല്ലുവേലിൽ, തീക്കോയി

അരുവിത്തുറ ഫൊറോന
1. ബേബി കപ്പിലുമാക്കൽ, ചേന്നാട്
2. പ്രതീഷ് ഒറ്റതെങ്ങുങ്കൽ, പയസ് മൗണ്ട്
3. ജോസ് കുന്നേക്കാട്ട്, വാകക്കാട്

തുടങ്ങനാട് ഫൊറോന
1. ഡൊമിനിക് മഠത്തിപറമ്പിൽ, നീലൂർ
2. റ്റോമി  പുലിക്കുന്നേൽ, സിബിഗിരി

പ്രവിത്താനം ഫൊറോന
1. റ്റോമി കുളത്തിനാൽ, മുണ്ടാങ്കൽ
2. പ്രമോദ് ജോസഫ്, കാനാട്ട്, മുണ്ടാങ്കൽ

കടനാട് ഫൊറോന
1. എം.എം. ജേക്കബ്, മുണ്ടാങ്കൽ, പിഴക്
2. അഗസ്റ്റ്യൻ കുര്യാക്കോസ്, പാറേമ്മാക്കൽ, പിഴക്

കുറവിലങ്ങാട് ഫൊറോന
1. സെലിൻ ജോളി, തടത്തിക്കുന്നേൽ, മരങ്ങാട്ടുപിള്ളി
2. അഭിഷേക് ജോഷി, വലിയപറമ്പിൽ, രത്നഗിരി

മുട്ടുചിറ ഫൊറോന
1. ബീന മാത്യു, വെട്ടിക്കത്തടം, കാഞ്ഞിരത്താനം
2. മേരി സിബി, തുളുശ്ശേരിൽ, മുട്ടുചിറ
3. റൂബി റോബർട്ട്, വെട്ടിക്കത്തടം, കാഞ്ഞിരത്താനം

കോതനല്ലൂർ ഫൊറോന
1. ജെസ്സി പാളിയിൽ, കോതനല്ലൂർ
2. കുഞ്ഞച്ചൻ കുഴിയാംപറമ്പിൽ, കോതനല്ലൂർ

രാമപുരം ഫൊറോന
1. ബിന്ദു ജിമ്മി കോട്ടരിക്കൽ, രാമപുരം
2. ലൈസമ്മ ജോസ് വട്ടുകുന്നേൽ, രാമപുരം

ഇലഞ്ഞി ഫൊറോന

1. ജെയിസമ്മ ജയിംസ് പറയാംപറമ്പിൽ, മുത്തോലപുരം
2. സാജു ജോസ് നെച്ചിമ്യാലിൽ, ഇലഞ്ഞി
3. അരുൺ കെ.ഇ. കാട്ടുമാക്കിയിൽ, ഇലഞ്ഞി

ചേർപ്പുങ്കൽ ഫൊറോന

1. ലിസ്സി തെക്കേൽ കൊഴുവനാൽ
2. ലിസമ്മ ജോസഫ് മുണ്ടുപാലയിൽ, അൽഫോൻസാഗിരി

**മരിയഭവൻ സന്ദർശനം**

കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് ബ്രൈസ് ലൂക്കോസിന്റെ നേതൃത്വത്തിൽ മരിയഭവൻ ഓൾഡ് ഏജ് ഹോമിൽ സന്ദർശിക്കുകയും അവിടെ താമസിക്കുന്ന വർക്കു ഭക്ഷണസാധനങ്ങൾ നല്കുകയും അവരോടൊത്തുസമയം ചെലവഴിക്കുകയും ചെയ്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**മില്ലറ്റ് എക്സ്പോ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ മാർച്ച് 2,3,4 തീയതികളിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് 'മില്ലറ്റ് എക്സ്പോ' നടക്കും. ഉച്ചകഴിഞ്ഞ് 2.30 ന് നടക്കുന്ന സമ്മേളനം അഭിവന്ദ്യ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗത്തിന് അധ്യക്ഷത വഹിക്കും. തോമസ് ചാഴിക്കാടൻ എം.പി. മുഖ്യപ്രഭാഷണം നടത്തും. മോൻസ് ജോസഫ് എം.എൽ.എ. നബാർഡ് ജനറൽ മാനേജർ റെജി വർഗീസ് തുടങ്ങിയവർ പ്രസംഗിക്കും. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ സ്വാഗതവും പി.എസ്.ഡബ്ല്യു.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ നന്ദിയും അറിയിക്കും. തുടർന്ന് പി.എസ്.ഡബ്ല്യു.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് വടക്കേത്തൊട്ടിയുടെ അധ്യക്ഷതയിൽ ചെറുധാന്യത്തിലൂടെ ആരോഗ്യസുരക്ഷ എന്ന വിഷയത്തിൽ സെമിനാർ നടക്കും. കിസാൻ സർവീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് ജോയ് മൂക്കൻതോട്ടത്തിന്റെ ക്ലാസും തുടർന്ന് കോമഡിഷോയും നടക്കും.

മില്ലറ്റ് എക്സ്പോയുടെ രണ്ടാം ദിവസമായ മാർച്ച് 3 ന് രാവിലെ 9.45 ന് ചെറുധാന്യ കാർഷികപദ്ധതികൾ പഞ്ചായത്തുകളിൽ സെമിനാർ നടക്കും. മോൺ. ജോസഫ് തടത്തിലിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്യും. മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജിത്ത് ജി. മീനാഭവൻ കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ജു പി.കെ. മീനച്ചിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോയി കുഴിപ്പാല തുടങ്ങിയവർ പ്രസംഗിക്കും. ഡോ. ജി. ജയലക്ഷ്മി കൃഷിവിജ്ഞാനകേന്ദ്രം കോട്ടയം ക്ലാസ് നയിക്കും.

ഉച്ചകഴിഞ്ഞ് 2 മണിക്ക് മില്ലറ്റ് സൂപ്പർ ഫുഡ് എന്ന വിഷയത്തിൽ സെമിനാർ നടക്കും. പാലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ജോസിൻ ബിനോ സെമിനാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് നാടൻ കലാരൂപങ്ങൾ നടക്കും.

മേളയുടെ മൂന്നാംദിവസം രാവിലെ 10 ന് ചെറുധാന്യപാചകവും കൃഷി മുറപരിശീലനവും സെമിനാർ നടക്കും. കേരള ഗ്രാമീൺ ബാങ്ക് ഡയറക്ടർ കെ. കെ. ഫിലിപ്പ് കുഴികുളം സെമിനാർ ഉദ്ഘാടനം ചെയ്യും.

ഉച്ചകഴിഞ്ഞ് 2.30 ന് ചെറുധാന്യങ്ങളുടെ മൂല്യവർധനവും വിപണനവും സെമിനാർ നടക്കും. വൈകുന്നേരം 5 ന് നടക്കുന്ന സമാപനസമ്മേളനം ജലവിഭവമന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. മാണി സി. കാപ്പൻ എം.എൽ.എ. യോഗത്തിന് അധ്യക്ഷത വഹിക്കും. മോൺ. ജോസഫ് മലേപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തും.

**വനിതാറാലി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ മുന്നോടിയായി മാർച്ച് 7 ന് പാലാ ടൗണിൽ വനിതകളുടെ ബൈക്ക് റാലി നടക്കും. ലഹരിക്കെതിരേ വനിതകൾ എന്നതാണ് റാലിയുടെ മുദ്രാവാക്യം.

**വനിതാദിനാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 1 മുതൽ 30 വരെയുള്ള തീയതികളിൽ സൊസൈറ്റിയുടെ 17 സോണുകളിലുംവച്ച് വനിതാദിനാഘോഷപരിപാടികൾ നടക്കും.

**കോഴിയും കോഴിക്കൂടും വിതരണം**

മാർച്ച് 13 ന് രാവിലെ 9.30 ന് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ബി.വി. 380 എന്ന ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെയും ഹൈടെക് കോഴിക്കൂടുകളുടെയും വിതരണം നടക്കും.

**ആശാകിരണം - ക്യാൻസർ സുരക്ഷായജ്ഞം**

സകർമ്മസേന ഉദ്ഘാടനം 17-2-2023 ന് ഉച്ചയ്ക്ക് 2.30 ന് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് കോംപ്ലക്സിൽ നടന്നു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ആശാകിരണം പരിപാടിപ്രകാരം ആരംഭിക്കുന്ന സുകർമസേനയുടെ ഉദ്ഘാടനം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മുത്തോലി മുഖ്യപ്രഭാഷണം നടത്തി. ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായവിതരണവും പച്ചക്കറിത്തൈവിതരണവും നടത്തി. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, മുൻസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ്, പി.എസ്.ഡബ്ല്യു.എസ്. പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, മെർലി ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.

സമ്മേളനത്തിനു മുന്നോടിയായി പാലാ മാർ സ്ലീവ മെഡിസിറ്റി നാച്ചുറോപ്പതി മെഡിക്കൽ ഓഫീസർ ഡോ. വിഷ്ണു മോഹൻ BNYS ജീവിതശൈലി ബോധനസെമിനാർ നടത്തി.

**കാര്യശേഷി നിർമിതി പരിശീലനപരിപാടി**

സ്വയംസഹായ/സ്വാശ്രയസംഘം/ കർഷകദള ലീഡർമാർക്ക് നബാർഡിന്റെ സഹകരണത്തോടെ സാമ്പത്തികസാക്ഷരത, ജീവിതനൈപുണ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ, കുടുത്തുരുത്തി, കോതനല്ലൂർ ഫൊറോനകളിൽ അംഗങ്ങൾക്ക് ഏകദിന പരിശീലനപരിപാടി നടത്തി. മേഖല ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിലിന്റെ അധ്യക്ഷതയിൽ ചേർന്നയോഗം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സിബി കണിയാമ്പടി, മെർലി ജെയിംസ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**ദത്തുകുടുംബസംഗമം നടത്തി**

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായ ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ ദത്തുകുടുംബങ്ങളുടെ സംഗമം നടത്തി. ദത്തുകുടുംബപദ്ധതിയുടെ 2023 വർഷത്തെ പ്ലാനിങ്, 2022 വർഷത്തെ ഫണ്ടു വിനിയോഗം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാദർ തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ നടന്നു. പ്രോജക്ട് കോർഡിനേറ്റർ ആനി റേച്ചൽ ജോസഫ് പരിപാടികൾക്കു നേതൃത്വം നൽകി.

**തേനീച്ചവളർത്തൽ പരിശീലനം**

നബാർഡിന്റെ സഹകരണത്തോടെ തേനിച്ചവളർത്തലിൽ താത്പര്യമുള്ള കർഷകർക്കായി 15 ദിവസം നീണ്ടുനില്ക്കുന്ന പരിശീലനപരിപാടി ആരംഭിച്ചു. കൃഷിവിജ്ഞാൻ കേന്ദ്രം കോട്ടയം, സ്റ്റേറ്റ് ഹോർട്ടി കോർപ്പ് മിഷൻ തുടങ്ങിയ കേന്ദ്രങ്ങളിലെ പ്രഗല്ഭർ ക്ലാസുകൾ നയിക്കും. പരിശീലനപരിപാടിയുടെ ഉദ്ഘാടനം പാലാ മുൻസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ് ആശംസകൾ അർപ്പിച്ചു. പ്രോജക്ട് ഓഫീസർ പി.വി. ജോർജ്, വിമൽ ജോണി, മാനുവൽ ആലാനി, സൗമ്യ ജെയിംസ് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**വാർഷികാഘോഷങ്ങൾ**

കാക്കൂർ സ്വാശ്രയസംഘം, കളത്തുകടവ്, സ്വാശ്രയസംഘം, മലയിഞ്ചിപ്പാറ, ചെമ്മലമറ്റം, സ്വാശ്രയസംഘങ്ങൾ എന്നിവയുടെ വാർഷികാഘോഷങ്ങൾ നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, റീജണൽ കോർഡിനനേറ്റർമാരായ സിബി കണിയാംപടി, ജോയി മടിക്കാങ്കൽ, മേഖല കോർഡിനേറ്റർമാരായ ഷിജി മാത്യു, ശാന്തമ്മ ജോസഫ്, ഷീല ബെന്നി, സിബി മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

**ജൈവകൃഷി വിളവെടുപ്പ്**

കുറിച്ചിത്താനം കർഷകസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ ജൈവ കൃഷി വിളവെടുപ്പ്പു നടത്തി.

**കാർഷിക ഉപകരണങ്ങളുടെ വിതരണോദ്ഘാടനം**

പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോന ഇടവകയിലെ സജീവ കർഷകസംഘത്തിന് 80% സബ്സിഡി നിരക്കിൽ എസ്.എം.എച്ച്.എം. പദ്ധതി പ്രകാരം ലഭിച്ച 10 ലക്ഷം രൂപയുടെ കാർഷികോപകരണങ്ങളുടെ വിതരണോദ്ഘാടനം ളാലം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ആനന്ദ് ചെറുവള്ളി നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. രൂപത ഡയറക്ടർ ഫാദർ തോമസ് കിഴക്കേൽ വികാരി ഫാദർ ജോർജ് വേളൂപ്പറമ്പിൽ, സ്വാശ്രയസംഘം ഡയറക്ടർ ഫാദർ ജോസഫ് കുറുപ്പശ്ശേരിൽ, പ്രസിഡന്റ് മാത്യു അരീക്കൽ, പ്രോജക്ട് ഡയറക്ടർ ജോർജ് പുരയിടം തുടങ്ങിയവർ പ്രസംഗിച്ചു.

**ബിരിയാണി ചലഞ്ച്**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു നടത്തുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി രാമപുരം ഫൊറോനയിലെ പള്ളികളിൽ ബിരിയാണി ചലഞ്ച് നടത്തി.

**പേപ്പർ ക്യാരിബാഗ് നിർമാണപരിശീലനം**

പാലാ സോണൽ ളാലം ഓൾഡ് കർഷകദള ഫെഡറേഷന്റെ നേതൃത്വത്തിൽ സ്വയംസഹായസംഘാംഗങ്ങൾക്കായി പേപ്പർ ക്യാരിബാഗ് നിർമാണം പരിശീലനം നടത്തി.

**പുതിയ സ്വയംസഹായസംഘരൂപീകരണം**

മുട്ടുചിറ, കടപ്ലാമറ്റം, വാഗമൺ ഇടവകകളിൽ പുതിയ സ്വയംസഹായഗ്രൂപ്പുകൾ രൂപീകരിച്ചു. പി.എസ്.ഡബ്ല്യു.എസ്. രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, റീജണൽ കോർഡിനേറ്റർ സിബി മാത്യു, ജോയി മടിക്കാങ്കൽ, സോണൽ കോർഡിനേറ്റർമാരായ ലിജി ജോൺ, അനു മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**പാലാ രൂപത കമ്മിറ്റി**

2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച രാവിലെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

**രാമപുരം മേഖല – യൂണിറ്റ് സന്ദർശനം**

ഡി.സി.എം.എസ് പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ 2023 ജനുവരി 29–ാം തീയതി ഞായറാഴ്ച രാമപുരം മേഖലയിലെ വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തി.

**കരൂർ**

2023 ജനുവരി 29–ാം തീയതി ഞായറാഴ്ച രാവിലെ 7.30 ന് കരൂർ പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് അഡ്വ. സണ്ണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവകവികാരി ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, ശ്രീമതി മോളി സണ്ണി എന്നിവർ സംസാരിച്ചു.

**ചിറ്റാർ**

2023 ജനുവരി 29–ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് ചിറ്റാർ പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് ബേബിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവകവികാരി ഫാ. മാത്യു പുന്നത്താംകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, സെക്രട്ടറി കുമാരി സോഫിയ സജി എന്നിവർ സംസാരിച്ചു. ശ്രീമതി ബീന ജോണി കൃതജ്ഞതയർപ്പിച്ചു.

**ഏഴാച്ചേരി**

2023 ജനുവരി 29–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഏഴാച്ചേരി ഇടവകയിലെ യൂണിറ്റ് സന്ദർശനം നടത്തി.

**അന്ത്യാളം**

2023 ജനുവരി 29–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് അന്ത്യാളം പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് പി.ഒ. പീറ്ററിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, സെക്രട്ടറി ലിസി റോയി എന്നിവർ സംസാരിച്ചു.

**പാലാ രൂപത ഡി.സി.എം.എസ്. കരിയർ ഗൈഡൻസ് സെമിനാറും പ്രതിഭകൾക്ക് അവാർഡുദാനവും രൂപത ഡി.സി.എം.എസ്. സ്കോളർഷിപ്പ്, സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി (SDVS) യുടെ സ്കോളർഷിപ്പ് എന്നിവ വിതരണം ചെയ്തു**

പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 25–ാം തീയതി ശനിയാഴ്ച പാലാ ളാലം (പഴയ പള്ളി) സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കരിയർ ഗൈഡൻസ് സെമിനാറും പ്രതിഭകൾക്ക് അവാർഡുദാനവും ഡി.സി.എം.എസ്. പാലാ രൂപത സ്കോളർഷിപ്പും സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ (SDVS) 63 കുട്ടികൾക്കുള്ള സ്കോളർഷിപ്പും വിതരണം ചെയ്തു. രാവിലെ പത്തു മണിക്ക് പ്രസിഡന്റ്

ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽവച്ച് പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് കരിയർ ഗൈഡൻസ് സെമിനാർ ഉദ്ഘാടനം ചെയ്തു. സി. ഡോ. ഡോണ SCV, പ്രൊഫ. ജോർജ്ജ് കരുണയ്ക്കൽ എന്നിവർ വിദ്യാർത്ഥിസമൂഹത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ഉന്നത വിദ്യാഭ്യാസമേഖലകളെക്കുറിച്ചും ക്ലാസ്സുകൾ നയിച്ചു. ഉച്ചകഴിഞ്ഞ് 2.45 ന് സ്കോളർഷിപ്പ് വിതരണോദ്ഘാടനം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഖജാൻജി ശ്രീമതി മേരി എം.പി., ശ്രീമതി അഞ്ജലി ബേബി കോളുകണ്ടത്തിൽ, കുമാരി സോന ഷാജി, കുമാരി ട്രീസ ബേബി, കുമാരി ആൻമരിയ ജോബി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

സംസ്ഥാനതലത്തിൽ വെയിറ്റ്ലിഫ്റ്റിങ് മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ അമൽ സാലസ് (പാലാ കത്തീഡ്രൽ) സംസ്ഥാന വോളിബോൾ മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ സീന ബൈജു (ഉള്ളനാട്), സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ സംസ്ഥാനതലത്തിലും ജില്ലാ, ഉപജില്ലാതലങ്ങളിലും ഇലക്ട്രിക്കൽ വയറിങ്ങിന് ഒന്നാം സ്ഥാനം നേടിയ അലൻ പൗലോസ് (മരങ്ങോലി), സംസ്ഥാന പ്രവൃത്തിപരിചയമേളയിലും ഉപജില്ലാതലത്തിലും ഇലക്ട്രിക്കൽ വയറിങ്ങിന് ഒന്നാംസ്ഥാനവും കലോത്സവത്തിൽ ഉപജില്ലാതലത്തിൽ ഗ്രൂപ്പ് ഡാൻസിന് സെക്കൻഡ് എ ഗ്രേഡ് കരസ്ഥമാക്കിയ അലീന പൗലോസ് (മരങ്ങോലി), ഉപജില്ലാ തലത്തിൽ തമിഴ് പ്രസംഗത്തിന് ഒന്നാംസ്ഥാനം നേടിയ ആൻമരിയ ജോബി (അരുണാപുരം) എന്നിവർക്ക് അവാർഡ് നൽകി ആദരിച്ചു.

**SDVS സ്കോളർഷിപ്പ് വിതരണം ചെയ്തു**

പാലാരൂപത ഡി.സി.എം.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച പാലാ ളാലം (പഴയ പള്ളി) സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് ഉച്ചകഴിഞ്ഞ് 2.45 ന് സീറോ മലബാർ ദലിത് വികാസ് സൊസൈറ്റി (SDVS) സ്കോളർഷിപ്പ് വിതരണോദ്ഘാടനം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഖജാൻജി ശ്രീമതി മേരി എം.പി, ശ്രീമതി അഞ്ജലി ബേബി കോളുകണ്ടത്തിൽ, കുമാരി സോന ഷാജി, കുമാരി ട്രീസ ബേബി, കുമാരി ആൻമരിയ ജോബി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

## കെയർ ഹോംസ്

1. ഡിസൈർ പ്രോജക്ടിന്റെ ഭാഗമായുള്ള മെഡിക്കൽ എക്വിപ്മെന്റ്സ് ലഭിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1.** ഡിസൈർ പ്രോജക്ടിന്റെ ഭാഗമായുള്ള മെഡിക്കൽ എക്വിപ്മെന്റ്സ് ലഭിച്ചു.

**2.** ഫെബ്രുവരി 18,19 തീയതികളിൽ എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽവച്ചു നടന്ന കെ.എൽ.എം. ജനറൽ ബോഡി മീറ്റിംഗിൽ മൂന്നു പേർ പങ്കെടുത്തു. ആനുവൽ റിപ്പോർട്ട് അവതരിപ്പിച്ചു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1.** വെള്ളികുളം സെന്റ് ആന്റണീസ് എച്ച്.എസിലെ കുട്ടികൾക്കായി ജനുവരി 24, ഫെബ്രുവരി 15 തീയതികളിൽ അഡാർട്ടിലെ കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ലഹരിവിരുദ്ധബോധവത്കരണ ക്ലാസും നടത്തി.

**2. പഠനസന്ദർശനം**

കാരാപ്പുഴ ഗവ. എച്ച്.എസ്.എസിലെ പ്ലസ്‌വൺ വിദ്യാർത്ഥികൾ 3-2-2023 ൽ അഡാർട്ടിൽ പഠനസന്ദർശനം നടത്തി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആമുഖപ്രസംഗം നടത്തി. അഡാർട്ട് സ്റ്റാഫംഗങ്ങൾ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സെടുത്തു.

**3. വേളാങ്കണ്ണി തീർത്ഥയാത്ര**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ എ.എ. അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങളെ ഉൾപ്പെടുത്തി 10-2-2023 ന് തീർത്ഥയാത്ര പുറപ്പെട്ടു. 12-2-2023 ഞായറാഴ്ച രാവിലെ തിരിച്ചെത്തി. 52 പേർ പങ്കെടുത്തു.

**4. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന് യാത്രയയപ്പ്**

അഡാർട്ടിന്റെ ഡയറക്ടറായി രണ്ടു വർഷക്കാലം സേവനം അനുഷ്ഠിച്ച് പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലേക്കു സ്ഥലംമാറിപ്പോയ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന് അഡാർട്ട് കുടുംബാംഗങ്ങൾ യാത്രയയപ്പു നൽകി.

അഡോർട്ട് സ്റ്റാഫംഗങ്ങൾ, എ.എ, അൽ–അനോൺ, അൽ–അറ്റീൻ അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**5. ഫാ. ജെയിംസ് പൊരുന്നോലിനു സ്വീകരണം**

അഡോർട്ടിന്റെ പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. ജെയിംസ് പൊരുന്നോലിക്ക് 11-2-2023 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ന് അഡോർട്ടിൽ സ്വീകരണം നൽകി.

**6. തീക്കോയി വി.എസ്.എസ്.എസ് -ൽ ബോധവത്കരണപ്രോഗ്രാം**

അഡോർട്ടിന്റെ ആഭിമുഖ്യത്തിൽ 24-2-2023 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നരം 4 മണിവരെയും ലഹരിവിരുദ്ധബോധവത്കരണ പ്രോഗ്രാം നടത്തി. ശ്രീ ജോണി നീലൂർ 'മരണമൊഴി' എന്ന ഏകാങ്കനാടകവും അവതരിപ്പിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2022 ന്റെ സമ്മാനങ്ങൾ വിതരണത്തിനായി തയ്യാറായിരിക്കുന്നു. സെന്റർ ഇൻ ചാർജുവഴി സമ്മാനങ്ങൾ രൂപതാ ഓഫീസിൽനിന്നു കരസ്ഥമാക്കാവുന്നതാണ്. ലോഗോസ് ഫാമിലി ക്വിസ് മത്സരം വിജയികൾക്കു സമ്മാനങ്ങളും ഇതോടൊപ്പം കിട്ടുന്നതാണ്.

**ലോഗോസ് ക്വിസ് 2023**

ലോഗോസ് ക്വിസ് 2023 നായി നമുക്ക് ഒരുങ്ങാം. പരീക്ഷാത്തീയതി 2023 സെപ്തംബർ 24 നാണ്.

പഠനഭാഗങ്ങൾ : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ രൂപത അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസ് 11 ന് ശനിയാഴ്ച നടന്നു. റവ. ഡോ. സിറിയക് വലിയകുന്നുംപുറം ക്ലാസ് നയിച്ചു. മാർച്ച് മാസത്തെ ക്ലാസ് 11 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ & കരിസ്മാറ്റിക്

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മണിമുതൽ ഉച്ചകഴിഞ്ഞ് 2 വരെയും വിശുദ്ധ

ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഫെബ്രുവരിമാസ ത്തിൽ റവ. ഫാ. അഗസ്റ്റിൻ തെരുവത്ത്, ബ്ര. സുനിൽ രാമപുരം, ബ്ര. സുബാഷ് കൊല്ലം, ബ്ര. ബിനു ജേക്കബ് വാഴേപ്പറമ്പിൽ എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ജനുവരി 7 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ബ്രദർ തോമസ് കുര്യൻ ഇടവക പ്രയർ ഗ്രൂപ്പുകളെക്കുറിച്ചു പരിശീലനം നൽകി.

**3. കുരിശിന്റെവഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെവഴി പ്രാർത്ഥന പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**4. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാല യത്തിൽ നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. 2023 ഫെബ്രുവരി 25 ശനി റവ. ഫാ. നോബിൾ തോട്ടത്തിൽ സെഹിയോൻ ധ്യാനകേന്ദ്രം അട്ടപ്പാടി വചനശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ് മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

7 ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (എൽ.എസ്.എസ്.) ഫിസിക്കലായി പൂഞ്ഞാർ സബ് സോണിൽ ആരംഭിച്ചു. എല്ലാ ചൊവ്വാഴ്ചകളിലും ഒരു മണി മുതൽ 4 മണി വരെയായി 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന ഈ സെമി നാറിൽ അറുപത്തഞ്ചോളം പേർ പങ്കെടുക്കുന്നു. തീക്കോയി സബ് സോണിൽ അമ്പതോളം പേർ എല്ലാം വെള്ളിയാഴ്ചകളിലും പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**1. സബ്ജയിൽ സന്ദർശനം**

ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ 15-2-2023 ന് പാലാ സബ്ജ യിൽ സന്ദർശിച്ച് അന്തേവാസികൾക്ക് ലഹരിവിരുദ്ധ ബോധവത്കരണപ്രോഗ്രാം നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** ഫെബ്രുവരി 14 മുതൽ 20 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**2.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം – രാവിലെ 9 മണിമുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി മൂന്നു മണിക്ക് പൂർത്തിയാകുന്ന ധ്യാനം – ഫെബ്രുവരി 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**3.** കുമരകം പ്രദേശത്തെ പത്ത് ഇടവകകൾ സംയുക്തമായി ഫെബ്രുവരി 23 മുതൽ 26 വരെ തീയതികളിൽ വൈകുന്നേരം 4.30 മുതൽ 9 വരെ ചീപ്പുങ്കൽ സി.എം.ഐ. മരിയതീരം ധ്യാനകേന്ദ്രത്തിൽ നടത്തിയ കുമരകം ദൈവരാജ്യ അഭിഷേക ബൈബിൾ കൺവെൻഷനിൽ വചനപ്രഘോഷണം നടത്തി.

**4.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | | |
|---|---|---|
| 2023 മാർച്ച് 2–6 | : | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 മാർച്ച് 11 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 മാർച്ച് 17–23 | : | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ഏപ്രിൽ 1 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഏപ്രിൽ 11–17 | : | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ഏപ്രിൽ 27–മെയ് 1 | : | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 മെയ് 13 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 മെയ് 16–22 | : | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ ഫാ. ആന്റണി വെച്ചൂർ OFM Cap., ഫാ. അരുൺ ഇലവുങ്കൽ OFM Cap. എന്നിവരുടെ നേതൃത്വത്തിൽ രൂപതാഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും ഞായറാഴ്ചകളിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഇടവകദേവാലയങ്ങളിൽ കഴിവതും വി. കുർബാന അർപ്പിക്കുകയും മൂന്നാംസഭയെക്കുറിച്ച് വി. കുർബാന മധ്യേ സംസാരിക്കുന്നതിനും ശ്രമിച്ചുവരുന്നു. യൂണിറ്റ് തലത്തിലും രൂപതാതല

ത്തിലും വലിയനോമ്പിന്റെ ആത്മീയചൈതന്യം കാത്തുസൂക്ഷിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ട് മൂന്നാംസഭാംഗങ്ങൾ ആത്മീയജീവിതം നയിക്കുന്നതിനുള്ള പ്രചോദനം ഉൾക്കൊള്ളുന്ന കർമപരിപാടികൾ ആവിഷ്കരിക്കുന്നതിനും രൂപതാസമിതി തീരുമാനമെടുത്തു.

നിര്യാതരായ അല്മായസഭാംഗങ്ങളുടെ വസതിയിൽ എത്തി സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. യൂണിറ്റ് തലത്തിൽ ഇടവകയിൽ നടക്കുന്ന കുടുംബക്കൂട്ടായ്മകളിലും പാലാദൂത്, ദീപനാളം, അസ്സീസി പോലുള്ള ക്രൈസ്തവപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനും അല്മായസഭാംഗങ്ങൾ പരിശ്രമിക്കുന്നു.

"ഏവർക്കും സമാധാനവും സൗഭാഗ്യവും"

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്ങുകൾ**

23-2-2023-ൽ മീറ്റിംഗ് കൂടി.

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ സംസാരിച്ചു.

2. ഇലക്ഷൻ നടത്താത്ത യൂണിറ്റുകളിൽ ഇലക്ഷൻ നടത്താൻ തീരുമാനമെടുത്തു.

**3. ദീപികപത്രപ്രചരണം**

ഉള്ളനാട് ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

മൂന്നിലവ് ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

പയ്യാനിത്തോട്ടം ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

**4. ഇലക്ഷൻ**

പൂഞ്ഞാർ ഫൊറോന ഇലക്ഷൻ നടത്തി. ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് : സ്റ്റാൻലി ജോർജ് വെട്ടുകല്ലേൽ, പെരിങ്ങുളം

വൈസ് പ്രസിഡന്റ്: സെബാസ്റ്റ്യൻ മാത്യു കുറ്റിയാനിയിൽ, കുന്നോന്നി

സെക്രട്ടറി : സെബാസ്റ്റ്യൻ പുല്ലാട്ട്

ജോയിന്റ് സെക്രട്ടറി: ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, അടിവാരം

ട്രഷറർ : ബിനോയി കിഴക്കേത്തോട്ടം, മണിയംകുന്ന്

എക്സിക്യൂട്ടിവ് മെമ്പേഴ്സ്: വി.വി. ജോസഫ് വട്ടോത്ത്, പയ്യാനിത്തോട്ടം, ജോർജ്ജുകുട്ടി പ്ലാത്തോട്ടം, കുന്നോന്നി, ലെൽസ് ജേക്കബ്, വയലിക്കുന്നേൽ കുന്നോന്നി, റോഷി ജോസഫ് കണ്ണമുണ്ടയിൽ, മണിയംകുന്ന്

**4. ദീപികപത്രപ്രചരണം നടത്താൻ തീരുമാനിച്ച ഇടവകകൾ**

പ്ലാശനാൽ, വലവൂർ, പയസ്മൗണ്ട്, നരിയങ്ങാനം.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**റബർ ഇൻസെന്റീവ് വേഗം വിതരണം ചെയ്യണം**

റബർ കർഷകർക്കും ലഭിക്കേണ്ട ഇൻസെന്റീവ് കഴിഞ്ഞ 6 മാസമായി മുടങ്ങിക്കിടക്കുന്നു. റബ്ബറിന് ഉത്പാദനച്ചെലവ് 180 രൂപയെന്നത് റബർ ബോർഡ് കണക്കാക്കിയിരിക്കുമ്പോൾ 170 രൂപ ഇൻസെന്റീവ് നൽകാമെന്ന് സർക്കാർ സമ്മതിച്ചതുപോലും നൽകാത്തതിനാൽ കർഷകർ കടുത്ത പ്രതിസന്ധിയിലാണ്. തിരഞ്ഞെടുപ്പുവാഗ്ദാനമായ റബറിന് 250 രൂപ വില നൽകാൻ സർക്കാർ തയ്യാറാകണമെന്ന് ഇൻഫാം നിവേദനംവഴി ആവശ്യപ്പെട്ടു.

**ഇൻഫാം കർഷകദിനാചരണവും ഭിന്നശേഷി അവാർഡുവിതരണവും**

2023 ജനുവരി 21 ന് വാഴക്കുളത്ത് നടന്ന ഇൻഫാം സംസ്ഥാനസമ്മേളനം ഇൻഫാം മുൻരക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം ദേശീയ ട്രസ്റ്റിയായിരുന്ന ഡോ. എം.സി. ജോർജ് മെമ്മോറിയൽ ഭിന്നശേഷി കർഷക അവാർഡുകൾ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ വിതരണം ചെയ്തു. ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു. ബഫർ സോൺ, വന്യമൃഗശല്യം, കാർഷിക ഉത്പന്നങ്ങളുടെ വിലത്തകർച്ച തുടങ്ങിയ കാലിക വിഷയങ്ങൾ ചർച്ച ചെയ്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. സാവുള സി.എം.സി

"എന്റെ ആത്മാവേ, നീ ശാന്തിയിലേക്കു മടങ്ങുക. കർത്താവ് നിന്റെമേൽ അനുഗ്രഹം വർഷിച്ചിരിക്കുന്നു" (സങ്കീ. 116/7)

പാലാ കത്തീഡ്രൽ ഇടവക മൂഴയിൽ കുടുംബത്തിൽ ആഗസ്തി-ത്രേസ്യാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായി 1937 ജൂലൈ 13-ാം തീയതി 'ലില്ലി' എന്ന ഓമനപ്പേരുള്ള സി. സാവുള ഭൂജാതയായി. മേരി എന്നായിരുന്നു ജ്ഞാനസ്നാനനാമം.

പാലാ സെന്റ് മേരീസ് സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവചരിത്രം വായിച്ചപ്പോൾ മുതൽ മഠത്തിൽ ചേരണമെന്ന ഉൾപ്രേരണയുണ്ടായി. വീട്ടിൽനിന്നുള്ള എതിർപ്പും കല്യാണാലോചനയും പരിശുദ്ധ അമ്മയുടെ അതിശക്തമായ മധ്യസ്ഥതയാൽ മറികടന്ന് രാമപുരം കർമലമഠത്തിൽ ചേർന്ന് 1955 ജൂലൈ 9 ന് ശിരോവസ്ത്രം സ്വീകരിച്ചു. 1957 ഏപ്രിൽ 10 ന് ആദ്യവ്രതവും 23-5-1960 ൽ നിത്യവ്രതവും സ്വീകരിച്ച സി. സാവുളയ്ക്ക് 2007 ൽ വ്രതാർപ്പണത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും സിദ്ധിച്ചു.

1958 ൽ മുത്തോലിയിൽ റ്റി.റ്റി.സി. പഠനം പൂർത്തിയാക്കിയ സാവുളാമ്മ മുണ്ടാങ്കൽ, രാമപുരം, ചേർപ്പുങ്കൽ, വിളക്കുമാടം, പ്ലാശനാൽ, മുട്ടുചിറ എന്നീ മഠങ്ങളിലും സ്കൂളുകളിലും സേവനം ചെയ്തു. പ്രവിത്താനം, തുടങ്ങനാട്, തിരുമാറാടി എന്നീ മഠങ്ങളിൽ സുപ്പീരിയറായും നവസന്ന്യാസിനികളുടെ ഗുരുനാഥയായും സേവനമനുഷ്ഠിച്ചു. സ്കൂളിൽനിന്നു വിരമിച്ചശേഷം താബോർ ധ്യാനകേന്ദ്രമായിരുന്നു അമ്മയുടെ പ്രവർത്തനരംഗം. താബോർ മാസികയുടെ എഡിറ്ററായിരുന്ന അമ്മ, വചനപ്രഘോഷണരംഗത്തും നിസ്തുലസേവനം കാഴ്ചവച്ചു. പ്രായത്തിന്റെയും അനാ

രോഗ്യത്തിന്റെയും അരിഷ്ടതകൾ വർദ്ധിച്ചപ്പോൾ താബോറിന്റെ വിശുദ്ധ മണ്ണിൽനിന്നു വിശ്രമാർത്ഥം മുണ്ടാങ്കൽ മഠത്തിലേക്കു സ്ഥലംമാറ്റി. രോഗങ്ങളും വേദനകളും അതിൽനിന്നുളവാകുന്ന എല്ലാ സഹനങ്ങളും ദൈവേഷ്ടമെന്നു കരുതി പുഞ്ചിരിയോടെ സ്വാഗതം ചെയ്തു. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാനിമഗ്നയായിരുന്ന് മധ്യസ്ഥപ്രാർത്ഥനകൾ നടത്തി ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർത്ഥിച്ചു. പാവങ്ങളോടും രോഗികളോടും അവശതയനുഭവിക്കുന്നവരോടും പ്രത്യേക താത്പര്യവും കരുതലും അമ്മ പ്രദർശിപ്പിച്ചിരുന്നു. നിഷ്ഠയുള്ള ജീവിതം, സത്യസന്ധമായ പെരുമാറ്റം, സന്തോഷപ്രകൃതി, അസാമാന്യമായ സഹനശീലം, കൂദാശകളോടുള്ള അതിരറ്റഭക്തിയും ആദരവും അമ്മയിൽ വിളങ്ങിയിരുന്ന വിശിഷ്ടഗുണങ്ങളാണ്. പെട്ടെന്നുണ്ടായ ഒരു വീഴ്ചയെത്തുടർന്ന് അഞ്ചു വർഷത്തോളം തീർത്തും ശയ്യാവലംബയായിരുന്നു. ഈ കാലയളവിൽ തന്നെ ശുശ്രൂഷിച്ചവരോട് വളരെ നന്ദിയും കടപ്പാടും പ്രദർശിപ്പിച്ചിരുന്നു. തന്റെ ദിവ്യനാഥന്റെ വിളിക്കായി കാതോർത്തിരുന്ന സാവുളാമ്മ സകല മരിച്ചവരുടെയും തിരുനാൾദിനത്തിൽ (17-02-2023) രാവിലെ 8.30 ന് തന്റെ സ്വർഗസമ്മാനം വാങ്ങുന്നതിനായി ആത്മമണവാളന്റെ സന്നിധിയിലേക്കു യാത്രയായി.

അന്നേദിനം 3.30 ന് മുണ്ടാങ്കൽ പള്ളിവികാരി ബഹു. ജോർജ് പഴേപറമ്പിൽ, ഫാ. സുരേഷ് OFM Cap എന്നിവരുടെ നേതൃത്വത്തിൽ അർപ്പിച്ച സമൂഹബലിയോടെ ശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. ഫാ. മാത്യു മാടയാങ്കൽ സി.എം.ഐ. ചരമപ്രസംഗം നടത്തി. തുടർന്ന് സി. സാവുളയുടെ സഹോദരീപുത്രൻ ഫാ. ജോർജ് മാമ്പള്ളിൽ എം.എസ്.റ്റിയുടെയും മറ്റു വൈദികരുടെയും സാന്നിധ്യത്തിൽ മൃതദേഹം ദേവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. 5.30 ന് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാനകാർമികത്വത്തിൽ മൃതദേഹം മുണ്ടാങ്കൽ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

തന്റെ സുകൃതജീവിതംകൊണ്ട് എന്നും ദൈവത്തെ പ്രസാദിപ്പിച്ചിരുന്ന സി. സാവുളയെ ദൈവം നിത്യതയുടെ കിരീടം അണിയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



## സി. ബർണ്ണാർദ് കോയിക്കാട്ടിൽ എസ്.എച്ച്.

പാലാ രൂപത വലവൂർ ഇടവകയിൽ പുരാതനവും പ്രശസ്തവുമായ കോയിക്കാട്ടിൽ കുടുംബത്തിൽ പരേതരായ കുര്യാക്കോസ് – അന്നമ്മ ദമ്പതികളുടെ ആറു മക്കളിൽ ആദ്യത്തെ പുത്രിയായി 1938 മാർച്ച് 24 ന് ഭൂജാതയായ സി. ബർണ്ണാദിന് മാമ്മോദീസായിൽ ലഭിച്ച പേര് ഏലി

എന്നായിരുന്നു. 1955 ൽ തിരുഹൃദയനാഥന് പ്രത്യേകം പ്രതിഷ്ഠിതമായ ജൂൺ മാസത്തിൽ രാമപുരം തിരുഹൃദയമഠത്തിൽ രാമപുരം തിരുഹൃദ യമഠത്തിൽ അർത്ഥിനിയായിച്ചേർന്നു. സന്ന്യാസപരിശീലനം പൂർത്തി യാക്കി 1957 ഏപ്രിൽ 13 ന് ആദ്യവ്രതവും 1960 മെയ് 12 ന് നിത്യവ്രതവും അനുഷ്ഠിച്ചുകൊണ്ട് നിത്യമായി ഈശോയുടെ തിരുഹൃദയത്തിന് ഭര മേല്പിച്ചു. നവസന്ന്യാസിനിയായിരിക്കുമ്പോൾത്തന്നെ മലബാർ മിഷനിലേക്ക്, എല്ലാവരും കടന്നുചെല്ലാൻ ഭയപ്പെട്ടിരുന്ന ഉൾപ്രദേശങ്ങ ളിലേയ്ക്ക് മലപാമ്പിനോടും മലമ്പനിയോടുമൊക്കെ പടവെട്ടിയിരുന്ന ആ കാലഘട്ടത്തിൽ മിഷനറിയായി അയയ്ക്കപ്പെട്ട ബർണ്ണാർദമ്മ ചുങ്കക്കുന്ന്, വായാട്ടുപറമ്പ്, ആലക്കോട്, കറുവഞ്ചാൽ, തരിയോട്, വെള്ളാട് എന്നി വിടങ്ങളിലായി 12 വർഷം ആത്മാർത്ഥമായി അധ്വാനിച്ചു.

ദൈവപ്രതിമകളായ സാധുസഹോദരങ്ങളുടെ ആത്മശരീരാവശ്യ ങ്ങൾ കണ്ടറിഞ്ഞു സഹായിക്കുവാനുള്ള സന്നദ്ധത തിരുഹൃദയസഹോ ദരികളുടെ പ്രത്യേകതയായിരിക്കണമെന്ന സ്ഥാപകപിതാവിന്റെ ആഹ്വാനം ശിരസ്സാവഹിച്ച് കുമ്മണ്ണൂർ ബാലഭവനത്തിലും രാമപുരം, വിള ക്കുമരുത് എന്നിവിടങ്ങളിലെ വൃദ്ധമന്ദിരങ്ങളിലും കറുവഞ്ചാൽ, ചക്കാ മ്പുഴ, വയല എന്നിവിടങ്ങളിലെ ഹോസ്പിറ്റലുകളിലും ആത്മാർത്ഥത യോടെ അധ്വാനിക്കുകയും ഈ സ്ഥാപനങ്ങളുടെ വളർച്ചയിൽ അതുല്യ മായ പങ്കുവഹിക്കുകയും ചെയ്തു. എസ്.എച്ച്. ജനറലേറ്റ് കോട്ടയം, എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസ് പാലാ, വിളക്കുമരുത്, കുരുവിനാൽ, നരി യങ്ങാനം എന്നീ മഠങ്ങളിലായി 24 വർഷം ശുശ്രൂഷാത്മകനേതൃത്വം വഹിച്ച ബർണ്ണാർദമ്മ യഥാർത്ഥത്തിൽ ഒരമ്മയെപ്പോലെ അംഗങ്ങളെ വളരെ കരുതലോടെ സ്നേഹിച്ചു. മേലുകാവ്, കുടക്കച്ചിറ, ഇടമറുക് എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തപ്പോഴും വിശ്വാസപരിശീലനരംഗത്ത് ഏറെ വിശ്വസ്തതയോടെ ആയിരുന്ന് അനേകം കുഞ്ഞുങ്ങളെ ദൈവസ്നേഹ ത്തിന്റെയും പരസ്നേഹത്തിന്റെയും ബാലപാഠങ്ങൾ പറഞ്ഞുകൊടുക്കു ന്നതിൽ ഏറെ ഉത്സുകയായിരുന്നു. തിരുഹൃദയസന്ന്യാസിനീസമൂഹ ത്തിന്റെ തനിമ പ്രകടമാക്കിക്കൊണ്ട്, എല്ലാവർക്കും സംലഭ്യയായിക്കൊണ്ട് 66 വർഷത്തെ സമർപ്പിതജീവിതം ബർണ്ണാർദമ്മ നയിച്ചു.

2010 മുതൽ രാമപുരം ദയാഭവനിൽ വയോവൃദ്ധരുടെ സംരക്ഷണം നിർവഹിച്ചുവരവെ അല്പാല്പം ക്ഷീണം അനുഭവപ്പെട്ടതിനെത്തുടർന്ന് 2012 ൽ രാമപുരം എസ്.എച്ച്. കോൺവെന്റിലേക്കും തുടർന്ന് ചക്കാമ്പുഴ എസ്.എച്ച്. ഭവനിലേക്കും മാറ്റപ്പെട്ടു. 7 വർഷക്കാലമായി ചക്കാമ്പുഴ എസ്. എച്ച്. ഭവനിൽ പരാതിയും പരിഭവവുമില്ലാതെ സന്തോഷത്തോടെ സഹ

നങ്ങളെല്ലാം സ്വീകരിച്ചു. ഒരു മാസമായി ക്ഷീണം വർധിച്ചുവന്നതിനാൽ അന്ത്യകൂദാശകൾ നല്കപ്പെട്ടു. 14-2-2023 ചൊവ്വാഴ്ച രാവിലെ എല്ലാവരുടെയും പ്രാർത്ഥനമധ്യേ രാവിലെ 7.40 ന് ബർണ്ണാർദമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തുടർന്ന് മൃതദേഹം മാർ സ്ലീവ മെഡിസിറ്റിയിൽ മോർച്ചറിയിൽ സൂക്ഷിച്ചു. 14-ാം തീയതി വൈകിട്ട് 5 ന് മൃതദേഹം പൊതുദർശനത്തിനായി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് പാലായിൽ കൊണ്ടുവന്നു. 15-ാം തീയതി ഉച്ചയ്ക്ക് 1.30 ന് വി. കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ, പാലാ മഠം ചാപ്പലിൽ ആരംഭിച്ചു. തുടർന്ന് വികാരി ജനറാൾ പെരിയ ബഹു. ജോസഫ് തടത്തിലിന്റെ പ്രധാനകാർമികത്വത്തിൽ മൃതദേഹം പാലാ കത്തീഡ്രൽ സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.



## സി. ലില്ലി തുടിയൻപ്ലാക്കൽ എസ്.എം.സി.

പാലാ രൂപത, ഇടപ്പാടി ഇടവക പരേതരായ തുടിയൻപ്ലാക്കൽ ചാക്കോച്ചൻ-ഏലിക്കുട്ടി ദമ്പതികളുടെ 10 മക്കളിൽ എട്ടാമത്തെ മകളായി 1954 നവംബർ 4 ന് ലില്ലിക്കുട്ടി എന്ന സി. ലില്ലി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഒരു വിശുദ്ധയാകണമെന്ന ആഗ്രഹത്തോടെ മൂലമറ്റം സെന്റ് മർത്താസ് സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 17-05-1977 ൽ ആദ്യവ്രതവും, 09-05-1983 ൽ നിത്യവ്രതവും സ്വീകരിച്ച് നാഥന്റെ സ്വന്തമായിത്തീർന്നു.

സി. ലില്ലി, സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് സന്ന്യാസിനീസമൂഹത്തിന്റെ അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ, ജനറൽ കൗൺസിലർ മുരിക്കാശേരി, മൂലമറ്റം, കാഞ്ഞിരപ്പള്ളി, പാലാക്കാട് എന്നീ ഭവനങ്ങളിൽ സുപ്പീരിയർ എന്നീ നിലകളിൽ ശുശ്രൂഷചെയ്തിരുന്നു. കൂടാതെ, ദീർഘനാൾ നോവിസ് മിസ്ട്രസായും പോസ്റ്റ്ലൻസ് മിസ്ട്രസായും ജർമ്മനി, പൈങ്കുറ്റി, ഇളങ്ങുളം, അമനകര എന്നീ ഭവനങ്ങളിൽ വ്യത്യസ്ത രീതികളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആഴമേറിയ വിശ്വാസം, ഇടമുറിയാത്ത പ്രാർത്ഥന, നേതൃത്വപാടവം, ദീർഘവീക്ഷണം, അധികാരവിധേയത്വം, അധ്വാനശീലം, ശ്രവണമനോഭാവം, ലാളിത്യം, അതിഥിസൽക്കാരപ്രിയം തുടങ്ങി നിരവധി ഗുണങ്ങളുടെ വിളനിലമായിരുന്നു സി. ലില്ലി. ജീവിതത്തിൽ എന്നും അച്ചടക്കവും അടുക്കും ചിട്ടയും കാത്തുസൂക്ഷിച്ച സിസ്റ്റർ ആഴമേറിയ ആത്മീയതയുടെയും കറകളഞ്ഞ സഭാസ്നേഹത്തിന്റെയും ഉടമയായിരുന്നു.

കൂടാതെ, നിയമാനുഷ്ഠാനത്തിലും, ടൈംടേബിൾ കൃത്യമായി പാലിക്കുന്നതിലും, കാര്യനിർവഹണത്തിലും വളരെയധികം ശുഷ്കാന്തി കാട്ടിയിരുന്നു. സമൂഹത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടി അത്യദ്ധ്വാനം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു തികഞ്ഞ സഭാസ്നേഹി കൂടിയായിരുന്നു

2023 ജനുവരി 12-ന് ശക്തമായ തലവേദനയെത്തുടർന്ന് പിറ്റേ ദിവസം പാലാ മെഡിസിറ്റിയിൽ പ്രവേശിപ്പിക്കുകയും, തലച്ചോറിൽ ഉണ്ടായ രക്തസ്രാവത്തെകുറിച്ചറിഞ്ഞ് അവിടെനിന്ന് രാജഗിരി ആശുപത്രിയിലേക്കു മാറ്റി ഓപ്പറേഷൻ ചെയ്യുകയും ചെയ്തു. എന്നാൽ, വീണ്ടും വീണ്ടും സ്ട്രോക്ക് ഉണ്ടായതുമൂലം മൂന്നു തവണകൂടി ഓപ്പറേഷനു വിധേയയാകേണ്ടിവന്നു. അതോടെ അബോധവസ്ഥയിലായി. ഡോക്ടേഴ്സ് അക്ഷീണം പരിശ്രമിച്ചുവെങ്കിലും ചികിത്സകൾ ഒന്നും ഫലം ചെയ്തില്ല. തുടർന്ന്, രാജഗിരിയിലെ ഡോക്ടേഴ്സിന്റെ നിർദേശപ്രകാരം കഴിഞ്ഞ ആഴ്ച അവിടെനിന്ന് പാലാ മരിയൻ മെഡിക്കൽ സെന്ററിലേക്ക് മാറ്റുകയും ചെയ്തു. ഫെബ്രുവരി 14-ന് പെട്ടെന്ന് ക്ഷീണം വർധിച്ച സി. ലില്ലി വൈകുന്നേരം 5.45 ന് സഹോദരിമാർ പ്രാർത്ഥനാപൂർവ്വം നോക്കിനിൽക്കേ ദിവ്യനാഥസന്നിധിയിലേക്കു യാത്രയായി. കാരുണ്യവാനായ ദൈവം സി. ലില്ലിയെ നിത്യകീരിടമണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

തുടർന്ന്, ഭൗതികദേഹം പാലാ അമൽജ്യോതി ഭവനത്തിലേക്കു കൊണ്ടുവന്നു. ഫെബ്രുവരി 15 ബുധനാഴ്ച രാവിലെ 10 മണിക്ക് പാലാക്കാട് ഇടവക വികാരി ബഹു. അഗസ്റ്റ്യൻ പാറപ്ലാക്കൽ അച്ചനും മുൻവികാരി ബഹു.തോമസ് വെട്ടുകാട്ടിലച്ചനും, ബഹു സിബി പുത്തോത്ത് അച്ചനും ചേർന്ന് അർപ്പിച്ച സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. 15 വൈദികർ പങ്കെടുത്ത ഭവനത്തിലെ പ്രാർത്ഥനാശുശ്രൂഷകൾക്കുശേഷം നടന്ന ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് മലേപ്പറമ്പിലച്ചൻ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് മൃതദേഹം പാലാ കത്തീഡ്രൽ സെന്റ് തോമസ് ഫൊറേനാ ദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2023

| | | |
|---|---|---|
| 01 | 4.15 pm | മുട്ടം സിബിഗിരി ഇടവകയിൽ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 02 | 12.15 pm | മുത്തോലി ഇടവകയിൽ മണ്ണൂർ ബഹു. തോമസ് അച്ചന്റെ ഇരുപത്തിയഞ്ചാം ചരമവാർഷികത്തിൽ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ളാലം പഴയപള്ളി ഇടവകയിൽ ബഹു. സി. റൊമുവാൾഡ് എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 4.00 pm | കിഴതടിയൂർ ഇടവകയിൽ കാർമൽ മെഡിക്കൽ സെന്ററിനോട് അനുബന്ധിച്ചു പുതുതായി പണികഴിപ്പിച്ച മഠത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 03 | 7.00 am | ചങ്ങനാശ്ശേരി അതിരൂപത കുടമാളൂർ ഫൊറോനയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 5.00 pm | ശാന്തിഗിരി ഇടവകയിൽ പുതുതായി നിർമിച്ച സ്കൂൾകെട്ടിടത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. പൊതുസമ്മേളനത്തിൽ പങ്കെടുത്തു. |
| 04 | | അറുന്നൂറ്റിമംഗലം ഇടവകയിൽ ബഹു. കരികുളം ജോസഫ് അച്ചന്റെ പിതാവ് ശ്രീ ജോസഫ് തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ നേതൃത്വം നൽകി. |

| | | |
|---|---|---|
| | 3.30 pm | ളാലം പുത്തൻ പള്ളി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 4.30pm | വാകക്കാട് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. ഭവനസന്ദർശനം നടത്തി, പ്രതിനിധിയോഗത്തിൽ പങ്കെടുത്തു. |
| 05 | 7.45 am | വാകക്കാട് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. ഭവനസന്ദർശനം നടത്തി, വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 06 | 2.00 pm | മൈലാപ്പൂർ തീർത്ഥാടനം നടത്തി. |
| 09 | 12.15 pm | മേരിലാൻഡ് ഇടവകയിൽ മുണ്ടമറ്റം ശ്രീ തോമസ് അഗസ്റ്റിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.00 pm | തുരുത്തിപ്പള്ളി ഇടവകയിൽ പുതുതായി പണികഴിപ്പിച്ച കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | | മോനിപ്പള്ളി ഇടവകയിൽ ഹോം പ്രൊജക്റ്റ് പാലായുടെ ഭാഗമായി പണികഴിപ്പിച്ച വീടിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു |
| 10 | 12.45 pm | തീക്കോയി ഫൊറോനയിൽ ചന്ദ്രൻകുന്നേൽ ശ്രീ സി.എം. ജോർജിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ഭരണങ്ങാനം ഫൊറോനയിൽ വരിക്കയിൽ ശ്രീ ബാബു മൈക്കിളിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.00 pm | തീരുമാറാടി ഇടവകയിൽ കൊടിമരം വെഞ്ചരിച്ചു. പുതുതായി പണികഴിപ്പിച്ച കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 11 | 11.00 am | ചങ്ങനാശ്ശേരി അതിരൂപത മണിമല ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 2.30 pm | പാലാ മരിയൻ മെഡിക്കൽ സെന്ററിന്റെ സുവർണ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 4.00 pm | പതിനൊന്നു വർഷക്കാലം പാലാ രൂപതയുടെ ചാൻസിലറായി സേവനം ചെയ്ത് കത്തീഡ്രലിൽ വികാരിയായി സ്ഥലംമാറിപോകുന്ന ബഹു ജോസ് കാക്കല്ലിൽ അച്ചനെ യാത്രയാക്കി. |
| | 5.00 pm | അരുവിത്തുറ ഫൊറോനയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 12 | 7.45 am | അരുവിത്തുറ ഫോറോനായിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. സിമിത്തേരി സന്ദർ ശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. ഭവനസന്ദർശനം നടത്തി. |
| | 12.45 pm | പ്രവിത്താനം ഫൊറോനയിൽ കവിയിൽ കളപ്പുര യ്ക്കൽ ശ്രീ കെ.വി. തോമസിന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.15 pm | അരുവിത്തുറ ഫൊറോനയിൽ പെരുനിലം പ്രദേ ശത്ത് ഇരുപതോളം വീടുകളുടെ ശിലാസ്ഥാപ നവും വെഞ്ചിരിപ്പും നിർവ്വഹിച്ചു. |
| | 7:00 pm | അരുവിത്തുറ ഫൊറോനയിൽ പ്ലാത്തോട്ടത്തിൽ ശ്രീ ജോർജ് മാത്യുവിന്റെ ഭൗതികദേഹത്തിന രികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 13 | 11.30 am | ഇടുക്കി രൂപത ഇരട്ടയാർ ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 5.15 pm | കുറിച്ചിത്താനം ഇടവകയിൽ ഫാർമേഴ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കൊയ്ത്തുത്സവത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 5.30 pm | കുറിച്ചിത്താനം ഇടവകയിൽ ഹോം പ്രൊജക്റ്റ് പാലായുടെ ഭാഗമായി പണികഴിപ്പിച്ച വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| 15 | 09. 30 am | പാലാ അമൽജ്യോതി ഭവനത്തിൽ സി. ലില്ലി തുടിയൻപ്ലാക്കൽ SMCയുടെ ഭൗതിക ദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10:30 am | പാലാ SH പ്രൊവിൻഷ്യൽ ഹൗസിൽ സി. ബർണ്ണാർദ് കോയിക്കാട്ടിൽ SHന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5:30 pm | കോട്ടയം ദേവലോകം അരമനയിൽ വച്ച് നടന്ന ഏകതാസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. |
| 16 | | 2022-2023 വർഷത്തിൽ പാലാ രൂപതയിലെ വിവിധ ദൈവാലയങ്ങളിൽ ഞായറാഴ്ചകളിൽ അജപാലനശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന വൈദികവിദ്യാർഥികൾക്ക് പാലാ അരമനയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു സംസാരിച്ചു. |
| 17 | 7:00 am | മരിച്ചവരുടെ തിരുനാൾദിനത്തോടനുബന്ധിച്ച് മുട്ടുചിറ റൂഹാദ്ക്കുദ്ശാ ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാന അർപ്പിക്കുകയും സിമിത്തേരിസന്ദർശനം നടത്തി പ്രാർത്ഥിക്കുകയും ചെയ്തു. |
| | 12:00 pm | സെന്റ് മർത്താസ് ജനറലേറ്റിൽ നടത്തപ്പെട്ട സിനാക്സിസിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 2:30 pm | പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും കാരിത്താസ് ഇന്ത്യ - ആശാകിരൺ പദ്ധതിയുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സന്നദ്ധസേവകസംഗമത്തിലും സുകർമ്മസേന രൂപീകരണത്തിലും പങ്കെടുത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 18 | 11.00 am | ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 4.00 pm | ഉരുളികുന്നം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. രണ്ട് ഗ്രോട്ടോകളുടെ വെഞ്ചിരിപ്പ് നിർവഹിച്ചു. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 19 | 7.45 am | ഉരുളികുന്നം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 1:00 am | ഉരുളികുന്നം ഇടവകയുടെ ശതാബ്ദിയാഘോഷ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. |
| | 2:00 pm | കടനാട് ഫൊറോനയിൽ ശ്രീ ജോസഫ് തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി. |
| 20 | 6:30 am | പാലാ കത്തീഡ്രലിൽ വിഭൂതിയുടെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11:00 am | പറത്താനം സീവ്യൂ എസ്റ്റേറ്റിൽ സന്ദർശനം നടത്തി. |
| 21 | 11:30 am | കിണറ്റിൽ വീണ കുഞ്ഞിനെ രക്ഷിച്ചതിന് ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിലെ മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥിയായ അലൻ ജോൺസനെ മെമന്റോ നൽകി ആദരിച്ചു. |
| 22 | | സെന്റ് തോമസ് കോളേജിൽ പുതിയതായി നിയമിക്കപ്പെട്ട അധ്യാപകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അരമനയിൽ സ്വീകരണം നൽകി സംസാരിച്ചു. |
| 23 | 12:15 pm | മണലുങ്കൽ ഇടവകയിൽവച്ച് മണിയങ്ങാട്ട് ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയ എട്ടാമത് ഗുഡ് ഷെപ്പേർഡ് അവാർഡ് ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന് സമ്മാനിച്ചു. |
| | 3.00 pm | നെല്ലിയാനി ഇടവകയിൽ അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ഡ്രൈവർ ആയിരുന്ന നെല്ലാനിക്കൽ വിജയന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 24 | 3:00 pm | മുട്ടുചിറ സെന്റ് ആഗ്നസ് LP സ്കൂളിന്റെ ശതാബ്ദിസമാപനസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |

| | | |
|---|---|---|
| 25 | 9:30 am | കവീക്കുന്ന് ഇടവകയിൽ തുടിയൻപ്ലാക്കൽ T. S. മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11:00 am | ചൂണ്ടച്ചേരി സെന്റ് ജോസഫ് ഹോട്ടൽ മാനേജ്മെന്റ് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 2:45 pm | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ ഡി.സി.എം.എസ്. വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു സംസാരിച്ചു. |
| | 5.00 pm | പൂവക്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 26 | 7.45 am | പൂവക്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരി സന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 2:00 pm | അരുണാപുരം ഇടവകയിൽ വെട്ടത്തേൽ ശ്രീ വി. ഒ. മത്തായിസാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി. |
| 27 | 3:00 pm | കുമ്മണ്ണൂർ സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോമിൽ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു. |
| 28 | 2:30 pm | പാലാ ബിഷപ്പ്സ് ഹൗസിൽ ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 3:30 pm | പാലാ ബിഷപ്പ്സ് ഹൗസിൽ ഓഡിറ്റേഴ്സ് ടീം മീറ്റിംഗിൽ പങ്കെടുത്തു. |
| | 6:00 pm | അരമനയിൽ മാസധ്യാനത്തിൽ പങ്കെടുത്തു. |



കോട്ടയം ദേവലോകം അരമനയിൽവച്ചു നടത്തപ്പെട്ട ഏകതാസമ്മേളനത്തിൽ
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ ആദരിക്കുന്നു








മണിയങ്ങാട്ട് ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയ എട്ടാമത് ഗുഡ് ഷെപ്പേർഡ് അവാർഡ്
ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്
അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മാനിക്കുന്നു



പാലാ രൂപതയിലെ വിവിധ ദൈവാലയങ്ങളിൽ ഞായറാഴ്ചകളിൽ അജപാലന
ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന വൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം

2023
MARCH

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN







മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തിന്റെ ഭാഗമായി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെയും നേതൃത്വത്തിൽ വൈദികരുടെ മൂന്നാം ബാച്ച് മൈലാപ്പൂർ തീർത്ഥാടനം നടത്തി.





Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura